مالیالام

Malayalam

مترجم لعدة لغات

# صحيح الدعاء والثناء على الله تعالى

# സ്വഹീഹായ പ്രാർത്ഥനകൾ പ്രകീർത്തനങ്ങൾ

ഡോ. അബ്ദുല്ലാ ബിൻ ഹമൂദ് അൽ ഫരീഹ്

د. عبدالله بن حمود الفريح

- പ്രാർത്ഥനയുടെ മര്യാദകൾ
- അല്ലാഹുവിനുള്ള പ്രകീർത്തനങ്ങൾ
- ഖുർആനിലെ പ്രാർത്ഥനകൾ
- നമസ്കാരത്തിലെ പ്രാർത്ഥനകൾ
- നബി(സ)യുടെ പ്രാർത്ഥനകൾ
- നബി(സ)യുടെ ശരണ തേട്ട പ്രാർത്ഥനകൾ
- രോഗശമന മന്ത്രങ്ങൾ
- പ്രഭാതത്തിലെയും പ്രദോഷത്തിലെയും ദിക്റുകൾ

ദിക്ർ / ദുആഅ് എന്നിവയിലേക്ക് പോകുന്നതിന് അവകളിൽ പ്രത്യേകം ക്ലിക്ക് ചെയ്യുക

doa.eqtidaa.com

بسم الله الرحمن الرحيم

# ആമുഖം

സ്തുതികളഖിലവും സർവ ലോക രക്ഷിതാവായ അല്ലാഹുവിനാകുന്നു , അവന്റെ മാന്യനായ തിരുദൂതരിലും അദ്ദേഹത്തിന്റെ കുടുംബത്തിലും മുഴുവൻ അനുചരരിലും അവന്റെ ശാന്തിയും സമാധാനവും സദാ വർഷിക്കുമാറാകട്ടെ. ഒട്ടനവധി ഇനം പ്രാർത്ഥനകളും (അല്ലാഹുവിനുള്ള പ്രകീർത്തനങ്ങൾ , ഖുർആനിലെ പ്രാർത്ഥനകൾ , നബി(സ)യുടെ പ്രാർത്ഥനകൾ, നബി(സ)യുടെ ശരണ തേട്ട പ്രാർത്ഥനകൾ , രോഗശമന മന്ത്രങ്ങൾ, പ്രഭാതത്തിലെയും പ്രദോഷത്തിലെയും ദിക്റുകൾ)

പ്രാർത്ഥനകളുടെ മര്യാദകളും അടങ്ങിയ ഒരു ഹൃദ്യമായ ഒരു പുസ്തകമാണ് ഇത്. ഒരു മുസ്‌ലിം തന്റെ പ്രാർത്ഥനയിൽ ഖുർആനിലും സുന്നത്തിലും സ്ഥിരപ്പെട്ട് വന്ന സർവ നന്മകളും ഉൾകൊള്ളുന്ന പ്രാർത്ഥനകൾ നടത്താൻ വേണ്ടി അത്തരം ശരിയായ പ്രാർത്ഥനകൾ തന്നെ ഇതിൽ ഉൾപ്പെടുത്താൻ ഈയുള്ളവൻ പ്രത്യേകം ശ്രദ്ധ ചെലുത്തിയിട്ടുണ്ട്. ഇതിലെ എല്ലാ പ്രാർത്ഥനകളും അറബിയിൽ രേഖപ്പെടുത്തുകയും വായനക്കാർക്ക് പ്രയോജനം ലഭിക്കുന്നതിന് വേണ്ടി മലയാളത്തിലേക്ക് അതിന്റെ ആശയം വിവർത്തനം ചെയ്യുകയും ചെയ്തിട്ടുണ്ട്. പ്രാർത്ഥനകളുടെ

പ്രാമാണികമായ അവലംബം ഈ കൃതിയുടെ അവസാനത്തിൽ പ്രത്യേകം ചേർത്തിട്ടുണ്ട്. ഈ പ്രവർത്തനം അല്ലാഹുവിന് വേണ്ടിയുള്ള നിഷ്കളങ്കമായ പ്രവർത്തനമാക്കി തീർക്കുവാൻ അല്ലാഹുവോട് ഞാൻ തേടുന്നു, മുഹമ്മദ് നബി(സ) യിലും അദ്ദേഹത്തിന്റെ കുടുംബത്തിലും മുഴുവൻ അനുചരരിലും അവന്റെ ശാന്തിയും സമാധാനവും സദാ വർഷിക്കുമാറാകട്ടെ.

**ഡോ. അബ്ദുല്ലാ ബിൻ ഹമൂദ് അൽ ഫരീഹ്**

# പ്രാർത്ഥനകൾക്ക് തുടങ്ങുന്നതിന് മുമ്പ്

മുസ്‌ലിം സഹോദരാ, താങ്കൾ അല്ലാഹുവിലേക്ക് ആവശ്യക്കാരനാണ്.. അവനെ കൊണ്ട് നീ ധന്യനാവുക ..

ഇവിടെ ഇതാ ഏതാനും ശരിയായ പ്രാർത്ഥനകൾ താങ്കളെ പരിചയപ്പെടുത്തുകയാണ്.. അതിന് വേണ്ടി താങ്കൾ ഹൃദയം കൊണ്ട് തയ്യാറെടുപ്പ് നടത്തുക

എല്ലാ നന്മകളും സമ്മേളിക്കുന്ന പ്രാർത്ഥനകളാണ് ഇത്

അതിൽ നിന്ന് താങ്കൾക്ക് കഴിയുന്നത്ര മനഃപാഠമാക്കുകയും ചെയ്യുക

താങ്കളുടെ ആവശ്യങ്ങൾക്കുതകുന്ന എത്രയെത്ര പ്രാർത്ഥനകളാണ് ഉള്ളത്

തീർച്ചയായും അത് ചെറിയ വാക്കുകളിൽ വിശാലമായ ആശയങ്ങൾ ഉൾകൊള്ളുന്ന പ്രാർത്ഥനകളാണ്

താങ്കളുടെ രക്ഷിതാവിനോടുള്ള പരമമായ കീഴൊതുക്കത്തോടെയും ഹൃദയ സാന്നിധ്യത്തോടെയുമാണെങ്കിൽ അതിൽ നിന്നും ഒന്നും താങ്കൾക്ക് ലഭിക്കാതെ പോകില്ല

# പ്രാർത്ഥനയുടെ മര്യാദകൾ

**ഒന്ന്:** പ്രാർത്ഥന അല്ലാഹുവിന് മാത്രമാക്കൽ പ്രാർത്ഥിക്കുന്നവന് അനിവാര്യമാണ്. അതോടൊപ്പം തന്റെ പ്രാർത്ഥനകൾക്ക് ഉത്തരം നൽകാൻ കഴിവുള്ളവൻ അല്ലാഹു മാത്രമാണെന്ന ഉറച്ച ബോധ്യവും അവനുണ്ടായിരിക്കണം. അല്ലാഹു അല്ലാത്തവരോട് അവർ നബിയോ വലിയ്യോ മലക്കോ സജ്ജനങ്ങളിൽ പെട്ടവനോ ആരായിരുന്നാലും അവരോട് പ്രാർത്ഥിക്കുകയോ ഇടതേട്ടം നടത്തുകയോ ചെയ്യരുത്. അല്ലാഹു പറയുന്നു:

﴿فَٱدۡعُواْ ٱللَّهَ مُخۡلِصِينَ لَهُ ٱلدِّينَ﴾ [غافر:١٤]

"അതിനാല് കീഴ്വണക്കം അല്ലാഹുവിന് നിഷ്കളങ്കമാക്കികൊണ്ട് അവനോട് നിങ്ങള് പ്രാര്ത്ഥിക്കുക." (സൂ. ഗാഫിർ 14)

**രണ്ട്** : പ്രാർത്ഥന എന്നത് അല്ലാഹുവിന് വളരെയധികം ഇഷ്ടമുള്ള മഹത്തരമായ ആരാധനയാണെന്നും അതിന് പ്രതിഫലം നല്കപ്പെടുമെന്നും പ്രാർത്ഥിക്കുന്ന സമയത്ത് താങ്കളുടെ മനസ്സിൽ ഉണ്ടായിരിക്കൽ അനിവാര്യമാണ്.

**മൂന്ന്:** അല്ലാഹു താങ്കളുടെ പ്രാർത്ഥനക്ക് ഉത്തരം നൽകാൻ കഴിവുള്ളവനാണ് എന്ന ഉറപ്പ്

ഉണ്ടായിരിക്കുക. താങ്കൾക്ക് അല്ലാഹുവിലേക്ക് അടുക്കാൻ ചില മുസ്ലിംകളെങ്കിലും ചെയ്യാറുള്ള പുത്തനാചാരങ്ങളായ അനുവദനീയമല്ലാത്ത ഇടത്തേട്ടം പോലെയുള്ള കാര്യങ്ങളുടെ ആവശ്യമില്ലെന്ന് മനസിലാക്കുക.

**നാല്** : താങ്കളുടെ പാപങ്ങൾ എത്രയായിരുന്നാലും അതിൽ നിന്ന് താങ്കൾ പശ്ചാത്താപം ചെയ്ത് മടങ്ങുന്നതിൽ അല്ലാഹു സന്തോഷിക്കുകയും ആ പശ്ചാത്താപം സ്വീകരിക്കുകയും ചെയ്യുന്നതാണ്. അതിനാൽ അല്ലാഹുവിന്റെ കാരുണ്യത്തെ തൊട്ടും അവൻ പ്രാർത്ഥനക്ക് ഉത്തരം നൽകുന്നത്

വൈകുന്നതിനെ തൊട്ടും താങ്കൾ നിരാശനാകുന്നതിനെ സൂക്ഷിക്കുക. താങ്കളുടെ പശ്ചാത്താപത്തിൽ അല്ലാഹു സന്തോഷിക്കുമെന്നും അത് അല്ലാഹു സ്വീകരിക്കുമെന്നുമുള്ള സദ്വിചാരമാണ് താങ്കളുടെ മനസ്സിൽ ഉണ്ടാകേണ്ടത്. അവൻ പരമ പരിശുദ്ധനും ഐശ്വര്യവാനുമാണ്, അല്ലാഹു പറയുന്നു:

﴿إِنَّ ٱللَّهَ يَغۡفِرُ ٱلذُّنُوبَ جَمِيعًاۚ﴾ [زمر: ٥٣]

"തീർച്ചയായും അല്ലാഹു പാപങ്ങളെല്ലാം പൊറുക്കുന്നതാണ്" വീണ്ടും അവൻ പറയുന്നു:

﴿وَإِذَا سَأَلَكَ عِبَادِي عَنِّي فَإِنِّي قَرِيبٌۖ أُجِيبُ دَعۡوَةَ ٱلدَّاعِ إِذَا دَعَانِۖ﴾ [بقره: ١٨٦]

"നിന്നോട് എന്റെ ദാസന്മാർ

എന്നെപ്പറ്റി ചോദിച്ചാല് ഞാന് (അവര്ക്ക് ഏറ്റവും) അടുത്തുള്ളവനാകുന്നു (എന്ന് പറയുക.) പ്രാര്ത്ഥിക്കുന്നവന് എന്നെ വിളിച്ച് പ്രാര്ത്ഥിച്ചാല് ഞാന് ആ പ്രാര്ത്ഥനയ്ക്ക് ഉത്തരം നല്കുന്നതാണ്"

**അഞ്ച്:** പ്രാർത്ഥിക്കുന്നവന്റെ ഭക്ഷണമോ പാനീയമോ നിഷിദ്ധമായത് ആകാതിരിക്കൽ അനിവാര്യമാണ്. അവകൾ നിഷിദ്ധമാകൽ പ്രാർത്ഥന തടയപ്പെടാനുള്ള കരണങ്ങളിലൊന്നാണ്. അബൂ ഹുറയ്റ (റ) ഉദ്ധരിക്കുന്ന ഒരു ഹദീസ് കാണുക, നബി(സ) പറഞ്ഞു:

«الرَّجُلَ يُطِيلُ السَّفَرَ أَشْعَثَ أَغْبَرَ، يَمُدُّ يَدَيْهِ إِلَى السَّمَاءِ، يَا رَبِّ، يَا رَبِّ، وَمَطْعَمُهُ حَرَامٌ، وَمَشْرَبُهُ حَرَامٌ، وَمَلْبَسُهُ حَرَامٌ، وَغُذِيَ بِالْحَرَامِ، فَأَنَّى يُسْتَجَابُ لِذَلِكَ؟»:

"സുദീർഘമായ യാത്ര കൊണ്ട് മുടി മണ്ണ് പുരണ്ട് ജഡപിടിച്ച ഒരു മനുഷ്യൻ ആകാശങ്ങളിലേക്ക് കരങ്ങളുയർത്തിക്കൊണ്ട് യാ റബ്ബ് .. യാ റബ്ബ് എന്ന് തേടുന്നു, എന്നാൽ അവന്റെ ഭക്ഷണവും വെള്ളവും വസ്ത്രവും ഹറാ (നിഷിദ്ധ) മായതാണ്, അവൻ ഹറാമിൽ ഊട്ടപ്പെട്ടവനുമാണ്. പിന്നെ എങ്ങനെയാണ് അവനതിന് ഉത്തരം നല്കപ്പെടുക? " (മുസ്‌ലിം 1015).

**ആറ്:** പ്രാർത്ഥനകളുടെ മര്യാദകളും

സുന്നത്തുകളും പാലിക്കുക, അവയിൽ പെട്ടതാണ് ;

1 നമസ്കാരത്തിന് വുദു എടുക്കുന്നത് പോലെ വുദു എടുത്ത് ശുദ്ധിയുള്ള അവസ്ഥയിൽ പ്രാർത്ഥിക്കുക. അബൂ മൂസ(റ) വും അദ്ദേഹത്തിന്റെ പിതൃവ്യൻ അബൂ ആമിർ (റ) വും തമ്മിലുള്ള ഒരു സംഭവം ഇമാം ബുഖാരിയും മുസ്‌ലിമും ഉദ്ധരിക്കുന്നത് കാണാം, ഈ ഹദീസിൽ അബൂ ആമിർ (റ) അബൂ മൂസ(റ) നോട് അദ്ദേഹത്തിന് വേണ്ടി പ്രാർത്ഥിക്കാൻ നബി(സ) യോട് ആവശ്യപ്പെടാൻ വസ്വിയ്യത്ത് ചെയ്തു. അങ്ങനെ ഇത് അബൂ മൂസ(റ) നബി (സ) യെ

അറിയിച്ചപ്പോൾ ഉണ്ടായ കാര്യം അബൂ മൂസ (റ) വിശദീകരിക്കുന്നു " അപ്പോൾ നബി(സ) വെള്ളം കൊണ്ട് വരാൻ ആവശ്യപ്പെട്ടു, ശേഷം അതിൽ നിന്ന് അവിടുന്ന് വുദു ചെയ്തു, ശേഷം അവിടുത്തെ ഇരു കക്ഷങ്ങളിലെയും വെളുപ്പ് ഞാൻ കാണുന്നത്ര തന്റെ കരങ്ങൾ ഉയർത്തിക്കൊണ്ട് പ്രാർത്ഥിച്ചു:

«اللَّهُمَّ اغْفِرْ لِعُبَيْدٍ، أَبِي عَامِرٍ»

അല്ലാഹുവെ ഉബൈദ് എന്ന അബൂ ആമിറിന് നീ പൊറുത്ത് കൊടുക്കേണമേ." ശേഷം പ്രാർത്ഥിച്ചു:

«اللَّهُمَّ اجْعَلْهُ يَوْمَ الْقِيَامَةِ فَوْقَ كَثِيرٍ مِنْ خَلْقِكَ، أَوْ مِنَ النَّاسِ»:

"അന്ത്യ നാളിൽ നിന്റെ അനേകം സൃഷ്ടികൾക്ക് അല്ലെങ്കിൽ മനുഷ്യർക്ക് മുകളിൽ നീ അദ്ദേഹത്തെ ആക്കേണമേ" (ബുഖാരി 4323, മുസ്‌ലിം 2498)

2 ഖിബ്‌ലയെ അഭിമുഖീകരിക്കുക

3 കൈകൾ ഉയർത്തുക

ഈ പറഞ്ഞ രണ്ട് സുന്നത്തുകൾക്കും തെളിവായി അബ്ദുല്ലാഹിബ്ന അബ്ബാസ് (റ) ഉദ്ധരിക്കുന്ന ഹദീസ് കാണാം, അദ്ദേഹം പറഞ്ഞു, എന്നോട് ഉമർ ഇബ്നുൽ ഖത്താബ് (റ) പറഞ്ഞിരിക്കുന്നു; ബദ്ർ യുദ്ധ ദിവസം നബി(സ) മുശ്‌രിക്കുകളിലേക്ക് നോക്കി, അവർ ആയിരവും സ്വഹാബത്ത് 319 പെരുമായിരുന്നു,

അപ്പോൾ പ്രവാചകർ (സ) ഖിബ്‌ലയിലേക്ക് തിരിഞ്ഞു, എന്നിട്ട് കരങ്ങൾ ഉയർത്തി തന്റെ രക്ഷിതാവിനോട് സംസാരിച്ചു:

«اللَّهُمَّ أَنْجِزْ لِي مَا وَعَدْتَنِي، اللَّهُمَّ آتِ مَا وَعَدْتَنِي»:

"അല്ലാഹുവേ നീ എനിക്ക് വാഗ്ദത്തം ചെയ്തത് നിറവേറ്റേണമേ, അല്ലാഹുവേ നീ എനിക്ക് വാഗ്ദത്തം ചെയ്തത് നൽകേണമേ.. (മുസ്‌ലിം 1763)

4 അല്ലാഹുവിനെ സ്തുതിച്ച് നബിയുടെ (സ്വ) പേരിൽ സ്വലാത്ത് ചൊല്ലിയാണ് പ്രാർത്ഥന ആരംഭിക്കേണ്ടത്, നബി (സ)യുടെ സതീർഥ്യനായ ഫദാലത്ത് ഇബ്‌ന ഉബൈദ്

(റ) പറയുന്നു: "അല്ലാഹുവിനെ സ്തുതിക്കുകയോ നബിയുടെ (സ്വ) പേരിൽസ്വലാത്ത് ചൊല്ലുകയോ ചെയ്യാതെ നമസ്കാരത്തിൽ പ്രാർത്ഥിക്കുന്ന ഒരാളെ നബി(സ) കേട്ടു. അന്നേരം റസൂൽ(സ) പറഞ്ഞു: ഇവൻ (പ്രാർത്ഥനക്ക് മുമ്പ് ഹംദും സ്വലാത്തും കൊണ്ടുവരാതെ) ബദ്ധപ്പാട് കാണിച്ചു. പിന്നീട് അവിടുന്ന് അയാളെ വിളിച്ചിട്ട് അവനോടു പറഞ്ഞു:

«إِذَا صَلَّى أَحَدُكُمْ، فَلْيَبْدَأْ بِتَمْجِيدِ رَبِّهِ جَلَّ وَعَزَّ، وَالثَّنَاءِ عَلَيْهِ، ثُمَّ يُصَلِّي عَلَى النَّبِيِّ صَلَّى اللهُ عَلَيْهِ وَسَلَّمَ، ثُمَّ يَدْعُو بَعْدُ بِمَا شَاءَ»:

" നിങ്ങളിലാരെങ്കിലും

പ്രാർത്ഥിക്കുകയാണെങ്കിൽ തന്റെ റബ്ബിനെ ആദ്യമായി സ്തുതിക്കുകയും നബിയുടെ(സ) പേരിൽ സ്വലാത്ത് ചൊല്ലുകയും ചെയ്തുകൊള്ളട്ടെ. എന്നിട്ടായിരിക്കണം അവൻ പ്രാർത്ഥിക്കേണ്ടത്. (അബൂദാവൂദ്1481 , തിർമിദി 3477)

സൂറത്തുകളുടെ ആരംഭത്തിൽ വന്ന ഹംദുകളുടെ ആയത്തുകൾ കൊണ്ട് അല്ലാഹുവിനെ സ്തുതിക്കാവുന്നതാണ്, അപ്രകാരമാണ് നബി(സ) അല്ലാഹുവിനെ സ്തുതിച്ചത്, ശേഷം നബി(സ) യുടെ മേൽ സ്വലാത്ത് ചൊല്ലണം, അതാണ് പ്രാർത്ഥനക്ക് ഉത്തരം ലഭിക്കാൻ ഏറ്റവും സാധ്യത ഉള്ളത്.

5 അല്ലാഹുവിനെ കുറിച്ചുള്ള നല്ല വിചാരത്തോടെയും അവൻ പ്രാർത്ഥനക്ക് ഉത്തരം നൽകുമെന്ന ഉറച്ച ബോധ്യത്തോടെയും പ്രാർത്ഥിക്കുക. പ്രാർത്ഥനക്ക് ഉത്തരം ലഭിക്കാൻ ധൃതി കാണിക്കരുത്, അല്ലാഹു തന്റെ പ്രാർത്ഥനക്ക് ഉത്തരം നൽകുക തന്നെ ചെയ്യുമെന്ന് ഉറച്ച് വിശ്വസിക്കണം. അബൂ ഹുറയ്റ (റ) വിൽ നിന്നും, നബി(സ) യിൽ നിന്നും അദ്ദേഹം ഉദ്ധരിക്കുന്നു, അവിടുന്ന് പറഞ്ഞു:

«لَا يَزَالُ يُسْتَجَابُ لِلْعَبْدِ، مَا لَمْ يَدْعُ بِإِثْمٍ أَوْ قَطِيعَةِ رَحِمٍ، مَا لَمْ يَسْتَعْجِلْ»:

"ഒരു തിന്മക്കോ ബന്ധം

മുറിക്കാനോ വേണ്ടിയല്ലാതെയും ധൃതി കാണിക്കാതെയും പ്രാർത്ഥിക്കുന്നിടത്തോളം ഒരു ദാസന് ഉത്തരം ലഭിച്ച് കൊണ്ടിരിക്കും" അപ്പോൾ ചോദിക്കപ്പെട്ടു: "അല്ലാഹുവിന്റെ ദൂതരേ, ധൃതി കാണിക്കുക എന്ന് വെച്ചാൽ എന്താണ്? " അവിടുന്ന് പറഞ്ഞു:

«يَقُولُ قَدْ دَعَوْتُ وَقَدْ دَعَوْتُ، فَلَمْ أَرَ يَسْتَجِيبُ لِي، فَيَسْتَحْسِرُ عِنْدَ ذَلِكَ وَيَدَعُ الدُّعَاءَ»:

"ഞാൻ പ്രാർത്ഥിച്ചു, വീണ്ടും പ്രാർത്ഥിച്ചു, എനിക്ക് ഉത്തരം നല്കപ്പെടുന്നില്ല എന്ന് പറഞ്ഞ് കൊണ്ട് അവൻ പ്രാർത്ഥന ഉപേക്ഷിക്കുന്നു." (മുസ്‌ലിം 2735)

6 അല്ലാഹുവിന്റെ ഉത്ക്ര്യഷ്ടമായ നാമങ്ങൾ വിളിച്ച് കൊണ്ട് പ്രാർത്ഥിക്കുക. പ്രാതഥനയുടെ സന്ദർഭം അനുസരിച്ച് അതിന് യോജിച്ച നാമങ്ങൾ ഉപയോഗിക്കാവുന്നതാണ്. ഉദാഹരണമായി ഉപജീവനം (രിസ്ക്ഖ്) ചോദിക്കുന്ന സമയത്ത് "യാ റസാഖ് (ഉപജീവനം നൽകുന്നവൻ) " എന്നും കാരുണ്യം (റഹ്മത്ത്) ചോദിക്കുന്ന സമയത്ത് "യാ റഹ്മാൻ (പരമ കാരുണികൻ) യാ റഹീം (കരുണാവാരിധി) " എന്നും പാപമോചനം (മഗ്ഫിറത്ത്) ചോദിക്കുന്ന സമയത്ത് "യാ ഗഫൂർ (പാപമോചനം നൽകുന്നവൻ)"

എന്നും രോഗമശമനം (ശിഫ) ചോദിക്കുന്ന സമയത്ത് യാ ശാഫീ (രോഗശമനം നൽകുന്നവൻ)" എന്നുമൊക്കെ ഉപയോഗിക്കാവുന്നതാണ്. അല്ലാഹു പറയുന്നു:

﴿وَلِلَّهِ ٱلۡأَسۡمَآءُ ٱلۡحُسۡنَىٰ فَٱدۡعُوهُ بِهَاۖ﴾ [الأعراف:١٨٠]

"അല്ലാഹുവിന് ഏറ്റവും നല്ല പേരുകളുണ്ട്. അതിനാല് ആ പേരുകളില് അവനെ നിങ്ങള് വിളിച്ചുകൊള്ളുക," (സൂ. അഅ്റാഫ് 180).

7 പ്രാർത്ഥനയുടെ പദങ്ങൾ ആവർത്തിക്കുകയും ആവശ്യങ്ങൾ അല്ലാഹുവിനോട് ഊന്നി പറയുകയും ചെയ്യുക; ഇബ്നു അബ്ബാസ് (റ) ഉദ്ധരിക്കുന്ന

ഹദീസിൽ നബി(സ)യുടെ ബദ്ർ യുദ്ധ ദിവസത്തെ പ്രാർത്ഥന കാണാം; അവിടുന്ന് പറഞ്ഞു:

«اللَّهُمَّ أَنْجِزْ لِي مَا وَعَدْتَنِي، اللَّهُمَّ آتِ مَا وَعَدْتَنِي»:

"അല്ലാഹുവേ നീ എനിക്ക് വാഗ്ദത്തം ചെയ്തത് നിറവേറ്റേണമേ, അല്ലാഹുവേ നീ എനിക്ക് വാഗ്ദത്തം ചെയ്തത് നൽകേണമേ" തന്റെ ചുമലുകളിൽ നിന്ന് തന്റെ തട്ടം വീഴുന്നത് വരെ അത് അവിടുന്ന് തുടർന്ന് കൊണ്ടേയിരുന്നു, ശേഷം അബൂബക്കർ (റ) അവിടുത്തെ സമീപിച്ച് കൊണ്ട് പറഞ്ഞു: "അല്ലാഹുവിന്റെ പ്രവാചകരേ, താങ്കളുടെ റബ്ബുമായിട്ടുള്ള താങ്കളുടെ സംസാരം മതിയാക്കുക..." (മുസ്‌ലിം

1763). അപ്രകാരം തന്നെ നബി(സ) ദൗസ് ഗോത്രത്തിന് വേണ്ടി പ്രാർത്ഥിച്ചത് ഇമാം ബുഖാരിയും മുസ്ലിമും ഉദ്ധരിക്കുന്നത് കാണാം, അബൂ ഹുറയ്റ (റ) വിൽ നിന്നും, ദൗസ് ഗോത്രത്തിന് വേണ്ടി പ്രാർത്ഥിച്ചപ്പോൾ നബി(സ) പറഞ്ഞു:

«اللَّهُمَّ اهْدِ دَوْساً وائْتِ بهم، اللَّهُمَّ اهْدِ دَوْساً وائت بهم»:

"അല്ലാഹുവെ ദൗസിനെ നീ സന്മാർഗത്തിലാക്കുകയും അവരെ (ഇസ്ലാമിലേക്ക്) കൊണ്ട് വരികയും ചെയ്യേണമേ..അല്ലാഹുവെ ദൗസിനെ നീ സന്മാർഗത്തിലാക്കുകയും അവരെ (ഇസ്ലാമിലേക്ക്) കൊണ്ട് വരികയും ചെയ്യേണമേ " (ബുഖാരി 2937, മുസ്ലിം 2524).

8 ശബ്ദം താഴ്ത്തി പ്രാർത്ഥിക്കുക, അല്ലാഹു പറയുന്നു:

﴿ٱدْعُوا۟ رَبَّكُمْ تَضَرُّعًا وَخُفْيَةً ۚ﴾ [الأعراف: ٥٥]

"താഴ്മയോടു കൂടിയും രഹസ്യമായിക്കൊണ്ടും നിങ്ങള് നിങ്ങളുടെ രക്ഷിതാവിനോട് പ്രാര്ത്ഥിക്കുക." (സൂ. അഅ്റാഫ് 55). പ്രാർത്ഥനയിൽ ശബ്ദം താഴ്ത്തലാണ് ഇഖ്ലാസിനോട് ഏറ്റവും അടുത്തത്, തഫ്സീറിന്റെ ഇമാമുമാരിൽ ഒരാളുടെ അഭിപ്രായമനുസരിച്ച് ഇഖ്ലാസോടെയുള്ള തേട്ടമായതിനാലാണ് സകരിയ്യ നബി(അ)ന്റെ പ്രാർത്ഥനയെ പുകഴ്ത്തി കൊണ്ട് അല്ലാഹു പറഞ്ഞത്:

﴿إِذۡ نَادَىٰ رَبَّهُۥ نِدَآءً خَفِيّٗا ٣﴾ [مريم: ٣]

"( അതായത് ) അദ്ദേഹം തന്റെ രക്ഷിതാവിനെ പതുക്കെ വിളിച്ച് പ്രാര്ത്ഥിച്ച സന്ദര്ഭം" (സൂ. മര്‍യം 3).

9 പ്രാർത്ഥനയിൽ അല്ലാഹുവിനോടുള്ള സ്തുതികളും പ്രകീർത്തനങ്ങളും ഉൾക്കൊള്ളണം, ഒരു ദാസൻ അല്ലാഹുവിനെ പുകഴ്ത്തുന്നതിൽ വ്യാപൃതനാകുന്ന സമയത്തൊക്കെയും അല്ലാഹു അവനെ ഇഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നതാണ്. അവനെ സ്തുതിച്ച് കൊണ്ടാണ് അവനെ ആരാധിക്കേണ്ടത്, ഇനി അങ്ങനെ ചെയ്തില്ലെങ്കിലും

അല്ലാഹു തന്റെ ദാസന്മാരിൽ നിന്നും ഐശ്വര്യവാനാണ്. അബ്ദുല്ലാഹിബ്നു മസ്ഊദ് (റ) വിൽ നിന്നും ഇമാം ബുഖാരിയും മുസ്‌ലിമും ഉദ്ധരിക്കുന്ന ഹദീസിൽ കാണാം, നബി(സ) പറഞ്ഞു:

«وَلَا أَحَدٌ أَحَبَّ إِلَيْهِ الْمَدْحُ مِنَ اللهِ وَلِذَلِكَ مَدَحَ نَفْسَهُ»:

" അ ല്ലാ ഹു വി നേ ക്കാ ൾ സ്തുതി ഇഷ്ടമുള്ള മറ്റാരുമില്ല, അതിനാൽ അവൻ സ്വയം തന്നെ പുകഴ്ത്തിയിരിക്കുന്നു"

10 പ്രാർത്ഥിക്കുന്നവൻ പ്രാർത്ഥനക്ക് ഉത്തരം കിട്ടുന്ന സമയത്തെ കുറിച്ച് അവബോധമുണ്ടാക്കുകയും

ആ സമയത്ത് അല്ലാഹുവോട് പ്രാർത്ഥിക്കുകയും ചെയ്യുക.

പ്രാർത്ഥനക്ക് ഉത്തരം കിട്ടുന്ന സന്ദർഭങ്ങളായും സമയങ്ങളായും പ്രമാണങ്ങൾ പഠിപ്പിച്ചവയിൽ പെട്ടതാണ് : (ബാങ്കിന്റെയും ഇഖാമത്തിന്റെയും ഇടയിലുള്ള പ്രാർത്ഥന - രാത്രിയുടെ അവസാന മൂന്നിലൊന്നിലെ പ്രാർത്ഥന - വെള്ളിയാഴ്ചയിലെ ഒരു സമയത്തെ പ്രാർത്ഥന - നമസ്കാര ശേഷമുള്ള പ്രാർത്ഥന - സുജൂദിലെ പ്രാർത്ഥന- മഴ വർഷിക്കുന്ന സമയത്ത് - ഒരു മുസ്ലിം തന്റെ സഹോദരന് വേണ്ടി അവന്റെ അഭാവത്തിൽ നടത്തുന്ന പ്രാർത്ഥന

– മാതാപിതാക്കൾ മക്കൾക്ക് വേണ്ടി നടത്തുന്ന പ്രാർത്ഥന – യാത്രക്കാരന്റെ പ്രാർത്ഥന – അക്രമിക്കപ്പെട്ടവന്റെ പ്രാർത്ഥന)

صحيح الدعاء والثناء على الله تعالى

# അല്ലാഹുവിനുള്ള പ്രകീർത്തനങ്ങൾ



അടുത്തത്

ഒന്നാം പേജിലേക് മടങ്ങുക

﴿ٱلْحَمْدُ لِلَّهِ رَبِّ ٱلْعَٰلَمِينَ ۝٢ ٱلرَّحْمَٰنِ ٱلرَّحِيمِ ۝٣ مَٰلِكِ يَوْمِ ٱلدِّينِ ۝٤﴾

[الفاتحة: ٢-٤]

(സ്തുതി സര്‍വ്വലോക പരിപാലകനായ അല്ലാഹുവിന്നാകുന്നു. * പരമകാരുണികനും കരുണാനിധിയും. * പ്രതിഫല ദിവസത്തിന്‍റെ ഉടമസ്ഥന്‍.) (സൂ. ഫാതിഹ 2-4)

﴿ٱلْحَمْدُ لِلَّهِ فَاطِرِ ٱلسَّمَٰوَٰتِ وَٱلْأَرْضِ جَاعِلِ ٱلْمَلَٰٓئِكَةِ رُسُلًا أُوْلِيٓ أَجْنِحَةٖ مَّثْنَىٰ وَثُلَٰثَ وَرُبَٰعَۚ يَزِيدُ فِي ٱلْخَلْقِ مَا يَشَآءُۚ إِنَّ ٱللَّهَ عَلَىٰ كُلِّ شَيْءٖ قَدِيرٞ ١﴾ [فاطر:١]

“ആകാശങ്ങളും ഭൂമിയും സൃഷ്ടിച്ചുണ്ടാക്കിയവനും രണ്ടും മൂന്നും നാലും ചിറകുകളുള്ള മലക്കുകളെ ദൂതന്മാരായി നിയോഗിച്ചവനുമായ അല്ലാഹുവിന് സ്തുതി. സൃഷ്ടിയില് താന് ഉദ്ദേശിക്കുന്നത് അവന് അധികമാക്കുന്നു. തീര്ച്ചയായും അല്ലാഹു ഏത് കാര്യത്തിനും കഴിവുള്ളവനാകുന്നു” (സൂ. ഫാത്വിർ 1)

﴿ٱلْحَمْدُ لِلَّهِ ٱلَّذِى خَلَقَ ٱلسَّمَٰوَٰتِ وَٱلْأَرْضَ وَجَعَلَ ٱلظُّلُمَٰتِ وَٱلنُّورَ ۖ﴾ [الأنعام:١]

"ആകാശങ്ങളും ഭൂമിയും സൃഷ്ടിക്കുകയും, ഇരുട്ടുകളും വെളിച്ചവും ഉണ്ടാക്കുകയും ചെയ്ത അല്ലാഹുവിന്നാകുന്നു സ്തുതി" (സൂ. അൻആം 1)

﴿ٱلْحَمْدُ لِلَّهِ ٱلَّذِى لَهُۥ مَا فِى ٱلسَّمَٰوَٰتِ وَمَا فِى ٱلْأَرْضِ وَلَهُ ٱلْحَمْدُ فِى ٱلْءَاخِرَةِ ۚ وَهُوَ ٱلْحَكِيمُ ٱلْخَبِيرُ ۝١﴾ [سبأ:١]

" ആകാശങ്ങളിലുള്ളതും ഭൂമിയിലുള്ളതും ആരുടേതാണോ ആ അല്ലാഹുവിന് സ്തുതി. അവന് യുക്തിമാനും സൂക്ഷ്മജ്ഞനുമത്രെ. " (സൂ.സബഅ് 1)

1

«الْحَمْدُ لِلّٰهِ حَمْدًا كَثِيرًا طَيِّبًا مُبَارَكًا فِيهِ»

വിശിഷ്ടവും അനുഗ്രഹീതവുമായ എണ്ണമറ്റ സ്തുതികൾ അല്ലാഹുവിനാണ്

## 2

«رَبَّنَا لَكَ الْحَمْدُ مِلْءُ السَّمَاوَاتِ وَالْأَرْضِ، وَمِلْءُ مَا شِئْتَ مِنْ شَيْءٍ بَعْدُ، أَهْلَ الثَّنَاءِ وَالْمَجْدِ، أَحَقُّ مَا قَالَ الْعَبْدُ، وَكُلُّنَا لَكَ عَبْدٌ: اللَّهُمَّ لَا مَانِعَ لِمَا أَعْطَيْتَ، وَلَا مُعْطِيَ لِمَا مَنَعْتَ، وَلَا يَنْفَعُ ذَا الْجَدِّ مِنْكَ الْجَدُّ»

"ആകാശങ്ങളിലും ഭൂമിയിലും അവക്കിടയിലും ശേഷം നീ ഉദ്ദേശിച്ച എല്ലായിടത്തും നിറയെയുള്ള സ്തുതിയും ഞങ്ങളുടെ രക്ഷിതാവേ നിനക്കാണ്. ഉന്നതിക്കും പ്രശംസക്കും അർഹനായവനേ! ഞങ്ങളെല്ലാം നിന്റെ അടിമയായിരിക്കെ

ഒരു ദാസൻ പറയാൻ ഏറ്റവും അർഹമായത് ഇതാണ്. അല്ലാഹുവേ, നീ നൽകുന്നത് തടയുന്നവനില്ല. നീ തടയുന്നത് നൽകുന്നവനുമില്ല. ഏത് ധനികന്റെ ഐശ്വര്യവും നിന്റെ അടുക്കൽ ഉപകരിക്കുകയില്ല"

3

«اللَّهُمَّ لَكَ الْحَمْدُ كُلُّهُ، وَإِلَيْكَ يَرْجِعُ الْأَمْرُ كُلُّهُ»

"അല്ലാഹുവെ സ്തുതികളെല്ലാം നിനക്കാണ്, കാര്യങ്ങളെല്ലാം മടങ്ങുന്നതും നിന്നിലേക്ക് തന്നെ"

4

«اللَّهُمَّ رَبَّنَا لَكَ الحَمْدُ أَنْتَ قَيِّمُ السَّمَوَاتِ وَالأَرْضِ، وَلَكَ الحَمْدُ أَنْتَ رَبُّ السَّمَوَاتِ وَالأَرْضِ وَمَنْ فِيهِنَّ، وَلَكَ الحَمْدُ أَنْتَ نُورُ السَّمَوَاتِ وَالأَرْضِ وَمَنْ فِيهِنَّ، أَنْتَ الحَقُّ، وَقَوْلُكَ الحَقُّ، وَوَعْدُكَ الحَقُّ، وَلِقَاؤُكَ الحَقُّ، وَالجَنَّةُ حَقٌّ، وَالنَّارُ حَقٌّ، (وَالنَّبِيُّونَ حَقٌّ، وَمُحَمَّدٌ صَلَّى اللهُ عَلَيْهِ وَسَلَّمَ حَقٌّ) وَالسَّاعَةُ حَقٌّ، اللَّهُمَّ لَكَ أَسْلَمْتُ، وَبِكَ آمَنْتُ، وَعَلَيْكَ تَوَكَّلْتُ، (وَإِلَيْكَ أَنَبْتُ) وَإِلَيْكَ خَاصَمْتُ، وَبِكَ حَاكَمْتُ، فَاغْفِرْ لِي مَا قَدَّمْتُ وَمَا أَخَّرْتُ، وَأَسْرَرْتُ وَأَعْلَنْتُ، وَمَا أَنْتَ أَعْلَمُ بِهِ مِنِّي، (أَنْتَ المُقَدِّمُ، وَأَنْتَ المُؤَخِّرُ) لاَ إِلَهَ إِلَّا أَنْتَ»

"അല്ലാഹുവേ, ആകാശങ്ങളുടേയും ഭൂമിയുടേയും അവയിലുള്ളവരുടേയും പരിപാലകനാ യ നിനക്കാണ് എല്ലാ സ്തുതിയു,ആകാശങ്ങളുടേ യും ഭൂമിയുടേയും അവയിലുള്ളവരുടേയും നാഥനമായ നിനക്കാണ് എല്ലാ സ്തുതിയും, ആകാശങ്ങളുടേയും ഭൂമിയുടേയും അവയിലുള്ളവരുടേയും പ്രകാശമായ നിനക്കാണ് എല്ലാ സ്തുതിയും. നീ സത്യമാണ്, നിന്റെ വചനവും സത്യമാണ്, നിന്റെ വാഗ്ദാനവും സത്യമാണ്, നീയുമായുള്ള ദർശനവും സത്യമാണ്, സ്വർഗം സത്യമാണ്, നരകം സത്യമാണ്, (പ്രവാചകന്മാർ സത്യമാണ്, മുഹമ്മദ് (സ) യും സത്യമാണ്) അന്ത്യനാളും സത്യമാണ്, അല്ലാഹുവേ നിനക്ക്

ഞാൻ കീഴ്പ്പെട്ടിരിക്കുന്നു. നിന്നിൽ ഞാൻ വിശ്വസിച്ചിരിക്കുന്നു. നിന്റെ മേൽ ഞാൻ ഭരമേൽപിക്കുന്നു. (നിന്നിലേക്ക് ഞാൻ ഖേദിച്ച് മടങ്ങിയിരിക്കുന്നു.) നിന്റെ പേരിൽ ഞാൻ സംവദിക്കുന്നു. നിന്നിലേക്ക് ഞാൻ ആവലാതി ബോധിപ്പിക്കുന്നു. അതിനാൽ ഞാൻ മുന്തിച്ചു ചെയ്തതും പിന്തിച്ചു ചെയ്തതും രഹസ്യമായി ചെയ്തതും പരസ്യമായി ചെയ്തതുമായ തെറ്റുകൾ നീ എനിക്ക് പൊറുത്തു തരേണമേ! നീയാണ് അതിനെ കുറിച്ച് എന്നെക്കാൾ അറിവുള്ളവർ (മുന്തിക്കുന്നവൻ നീയാണ്, പിന്തിക്കുന്നവനും നീ തന്നെ) നീയല്ലാതെ ഒരാരാധ്യനുമില്ല."

﴿ٱللَّهُمَّ مَٰلِكَ ٱلۡمُلۡكِ تُؤۡتِي ٱلۡمُلۡكَ مَن تَشَآءُ
وَتَنزِعُ ٱلۡمُلۡكَ مِمَّن تَشَآءُ وَتُعِزُّ مَن تَشَآءُ
وَتُذِلُّ مَن تَشَآءُۖ بِيَدِكَ ٱلۡخَيۡرُۖ إِنَّكَ عَلَىٰ كُلِّ
شَيۡءٖ قَدِيرٞ ٢٦ تُولِجُ ٱلَّيۡلَ فِي ٱلنَّهَارِ وَتُولِجُ
ٱلنَّهَارَ فِي ٱلَّيۡلِۖ وَتُخۡرِجُ ٱلۡحَيَّ مِنَ ٱلۡمَيِّتِ
وَتُخۡرِجُ ٱلۡمَيِّتَ مِنَ ٱلۡحَيِّۖ وَتَرۡزُقُ مَن تَشَآءُ
بِغَيۡرِ حِسَابٖ ٢٧﴾ [آل عمران: ٢٦-٢٧]

{ • ആധിപത്യത്തിന്റെ ഉടമസ്ഥനായ അല്ലാഹുവേ, നീ ഉദ്ദേശിക്കുന്നവര്ക്ക് നീ ആധിപത്യം നല്കുന്നു. നീ ഉദ്ദേശിക്കുന്നവരില് നിന്ന് നീ ആധിപത്യം

എടുത്തുനീക്കുകയും ചെയ്യുന്നു. നീ ഉദ്ദേശിക്കുന്നവര്ക്ക് നീ പ്രതാപം നല്കുന്നു. നീ ഉദ്ദേശിക്കുന്നവര്ക്ക് നീ നിന്ദ്യത വരുത്തുകയും ചെയ്യുന്നു. നിന്റെ കൈവശമത്രെ നന്മയുള്ളത്. നിശ്ചയമായും നീ എല്ലാ കാര്യത്തിനും കഴിവുള്ളവനാകുന്നു.

- രാവിനെ നീ പകലില് പ്രവേശിപ്പിക്കുന്നു. പകലിനെ നീ രാവിലും പ്രവേശിപ്പിക്കുന്നു. ജീവനില്ലാത്തതില്നിന്ന്നീജീവിയെ പുറത്ത് വരുത്തുന്നു. ജീവിയില് നിന്ന് ജീവനില്ലാത്തതിനെയും നീ പുറത്തു വരുത്തുന്നു. നീ ഉദ്ദേശിക്കുന്നവര്ക്ക് കണക്ക് നോക്കാതെ നീ നല്കുകയും ചെയ്യുന്നു.}

സൂറത്ത് ആലു ഇമ്രാനിലെ 26, 27 ആയത്തുകളാണ് ഇത്. പ്രാർത്ഥനയിലേക്ക് മാത്രം സൂചന നൽകുന്നതിന് വേണ്ടി ഇതിന്റെ ആദ്യത്തിലെ പറയുക എന്ന ഭാഗം ഒഴിവാക്കിയിട്ടുണ്ട്

5

«اللَّهُمَّ رَبَّ السَّمَوَاتِ وَرَبَّ الْأَرْضِ وَرَبَّ الْعَرْشِ الْعَظِيمِ، رَبَّنَا وَرَبَّ كُلِّ شَيْءٍ، فَالِقَ الْحَبِّ وَالنَّوَى، وَمُنْزِلَ التَّوْرَاةِ وَالْإِنْجِيلِ وَالْفُرْقَانِ، أَعُوذُ بِكَ مِنْ شَرِّ كُلِّ شَيْءٍ أَنْتَ آخِذٌ بِنَاصِيَتِهِ، اللَّهُمَّ أَنْتَ الْأَوَّلُ فَلَيْسَ قَبْلَكَ شَيْءٌ، وَأَنْتَ الْآخِرُ فَلَيْسَ بَعْدَكَ شَيْءٌ، وَأَنْتَ الظَّاهِرُ فَلَيْسَ فَوْقَكَ شَيْءٌ، وَأَنْتَ الْبَاطِنُ فَلَيْسَ دُونَكَ شَيْءٌ، اقْضِ عَنَّا الدَّيْنَ، وَأَغْنِنَا مِنَ الْفَقْرِ»

"ആകാശങ്ങളുടെയും ഭൂമിയുടെയും രക്ഷിതാവും മഹത്തായ അർശിന്റെ

നാഥനും ഞങ്ങളുടെയും മുഴുവൻ വസ്തുക്കളുടെയും രക്ഷകനും ധാന്യവും വിത്തും പിളർത്തുന്നവനും തൗറാത്തും ഇഞ്ചീലും ഖുർആ നും അവതരിപ്പിച്ചവനുമായ അല്ലാഹുവേ, എല്ലാ വസ്തുക്കളുടെയും തിൻമകളിൽ നിന്ന് ഞാൻ നിന്നിലഭയം തേടുന്നു. നീയാണ് അതിന്റെ മൂർദ്ദാവ് പിടിച്ചിരിക്കുന്നത്. അല്ലാഹുവേ, നീ അനാദ്യനാണ്. നിന്റെ മുമ്പ് ഒന്നുമില്ല. അന്ത്യനും നീ തന്നെ. നിന ക്ക് ശേഷം ഒന്നുമില്ല. നീ പ്രത്യക്ഷനാണ്. നിന്റെ മുകളിലായി ഒന്നുമില്ല. നീ പരോക്ഷനുമാണ്. നിന്നെ കൂടാതെ ഒരു വസ്തുവുമില്ല. ഞങ്ങളുടെ കടം വീട്ടുകയും ദാരിദ്ര്യത്തിൽ നിന്ന് എശ്വര്യം നൽകുകയും ചെയ്യേണമേ!"

6

«اللَّهُمَّ إِنِّي أُشْهِدُكَ وَأُشْهِدُ مَلَائِكَتَكَ وَحَمَلَةَ عَرْشِكَ، وَأُشْهِدُ مَنْ فِي السَّمَاوَاتِ وَمَنْ فِي الْأَرْضِ، أَنَّكَ أَنْتَ اللهُ لَا إِلَهَ إِلَّا أَنْتَ وَحْدَكَ لَا شَرِيكَ لَكَ، وَأَشْهَدُ أَنَّ مُحَمَّدًا عَبْدُكَ وَرَسُولُكَ»

അല്ലാഹുവേ, നിന്നെ ഞാനിതാ സാക്ഷിയാക്കുന്നു. നിന്റെ മലക്കുകളെയും നിന്റെ അർശിന്റെ വാഹകരേയും ആകാശങ്ങളിലും ഭൂമിയിലുമുള്ളവരെയും ഞാൻ സാക്ഷിയാക്കുന്നു. നിശ്ചയം നീ അല്ലാഹുവാണ്. നീയല്ലാതെ

ആരാധ്യനില്ല. നീ ഏകനും പങ്കുകാരില്ലാത്തവനുമാണ്. തീർച്ചയായും മുഹമ്മദ് (സ) നിന്റെ ദാസനും ദൂതനുമാണ്.

7

«اللَّهُمَّ إِنِّي أَسْأَلُكَ بِأَنِّي أَشْهَدُ أَنَّكَ أَنْتَ اللهُ لاَ إِلَهَ إِلَّا أَنْتَ الأَحَدُ الصَّمَدُ، الَّذِي لَمْ يَلِدْ وَلَمْ يُولَدْ وَلَمْ يَكُنْ لَهُ كُفُوًا أَحَدٌ»

അല്ലാഹുവേ, ജനിക്കുകയോ ജനിപ്പിക്കുകയോ ചെയ്യാത്തവനും തുല്യമായി ആരുമില്ലാത്തവനും എല്ലാവർക്കും ആശ്രയവും ഏകനുമായ നീ അല്ലാതെ മറ്റൊരാരാധ്യനില്ലെന്നും നീ അല്ലാഹുവാണെന്നും ഞാൻ സാക്ഷ്യം വഹിച്ചുകൊണ്ട് ഞാനിതാ ചോദിക്കുന്നു.

ഈ പ്രാർത്ഥന അല്ലാഹുവിന്റെ ഏറ്റവും ശ്രേഷ്ഠമായ

നാമങ്ങളാണെന്നും അത്
മുഖേനെ പ്രാർത്ഥിച്ചാൽ ഉത്തരം
ലഭിക്കുമെന്നും ചോദിച്ചാൽ
നല്കപ്പെടുമെന്നും ഹദീസിൽ
പ്രസ്താവിക്കപ്പെട്ടിട്ടുണ്ട്

8

«لَا إِلَهَ إِلَّا اللهُ الْعَظِيمُ الْحَلِيمُ، لَا إِلَهَ إِلَّا اللهُ رَبُّ الْعَرْشِ الْعَظِيمِ، لَا إِلَهَ إِلَّا اللهُ رَبُّ السَّمَاوَاتِ وَرَبُّ الْأَرْضِ وَرَبُّ الْعَرْشِ الْكَرِيمِ»

സഹന ശീലനും മഹാനുമായ അല്ലാഹു അല്ലാതെ യാതൊരു

ആരാധ്യനുമില്ല. മഹത്തായ സിംഹാസനത്തിന്റെ നാഥനായ അല്ലാഹു അല്ലാതെമറ്റൊരാരാധ്യനില്ല. ആകാശങ്ങളുടെയും ഭൂമിയുടെയും സിംഹാസനത്തിന്റെയും രക്ഷിതാവും അത്യുദാരനുമായ അല്ലാഹു അല്ലാതെ മറ്റൊരു ആരാധ്യനുമില്ല

പ്രയാസവും
വ്യസനവുമുണ്ടാകുമ്പോൾ
പ്രാർത്ഥിക്കേണ്ട പ്രാർത്ഥനയാണത്

## 9

«اللّٰهُ، اللّٰهُ رَبِّي لَا أُشْرِكُ بِهِ شَيْئًا»

**അല്ലാഹു, അല്ലാഹുവാണ് എന്റെ രക്ഷിതാവ്. അവനോട് ഞാൻ ഒന്നിനേയും പങ്ക് ചേർക്കുകയില്ല**

പ്രയാസവും വ്യസനവുമുണ്ടാകുമ്പോൾ പ്രാർത്ഥിക്കേണ്ട പ്രാർത്ഥനയാണത്

10

«لَا إِلَهَ إِلَّا اللهُ وَحْدَهُ لَا شَرِيكَ لَهُ، اللهُ أَكْبَرُ كَبِيرًا، وَالْحَمْدُ لِلّٰهِ كَثِيرًا، سُبْحَانَ اللهِ رَبِّ الْعَالَمِينَ، لَا حَوْلَ وَلَا قُوَّةَ إِلَّا بِاللهِ الْعَزِيزِ الْحَكِيمِ»

"അല്ലാഹു അല്ലാതെ മറ്റൊരാരാധ്യനുമില്ല. അവൻ ഏകനാണ്. അവനൊരു പങ്കുകാരനുമില്ല. അല്ലാഹു ഏറ്റവും വലിയവനാണ് ... അല്ലാഹുവിനെ ഞാൻ അധികം സ്തുതിക്കുന്നു. സർവ്വലോക പരിപാലകനായ അല്ലാഹു എത്രയോ പരിശുദ്ധൻ. തന്ത്രജ്ഞനും പ്രതാപശാലിയുമായ അല്ലാഹുവിങ്കൽ നിന്ന് മാത്രമാണ് ശേഷിയും കഴിവും."

## 11

«لَا إِلَهَ إِلَّا اللهُ وَحْدَهُ لَا شَرِيكَ لَهُ، لَهُ الْمُلْكُ، وَلَهُ الْحَمْدُ، وَهُوَ عَلَى كُلِّ شَيْءٍ قَدِيرٌ، سُبْحَانَ اللهِ، وَالْحَمْدُ لِلَّهِ، وَلَا إِلَهَ إِلَّا اللهُ، وَاللهُ أَكْبَرُ، وَلَا حَوْلَ وَلَا قُوَّةَ إِلَّا بِاللهِ الْعَلِيِّ الْعَظِيمِ»

"അല്ലാഹുവല്ലാതെ ആരാധനക്കർഹനായി മറ്റാരുമില്ല, അവൻ ഏകനും പങ്കുകാരില്ലാത്തവനുമാണ്, അവനാകുന്നു ആധിപത്യം, അവനാകുന്നു സ്തുതി, അവൻ എല്ലാ കാര്യങ്ങൾക്കും കഴിവുള്ളവനാണ്,

അല്ലാഹു പരിശുദ്ധനായിരിക്കുന്നു, അല്ലാഹുവിനാകുന്നു സർവ സ്തുതിയും, അല്ലാഹുവല്ലാതെ ആരാധനക്കർഹനായി മറ്റാരുമില്ല, അല്ലാഹു ഏറ്റവും വലിയവനാണ്, ഉന്നതനും മഹാനുമായ അല്ലാഹുവിങ്കൽ നിന്ന് മാത്രമാണ് ശേഷിയും കഴിവും."

12

«لَا إِلَهَ إِلَّا اللهُ وَحْدَهُ، أَنْجَزَ وَعْدَهُ، وَنَصَرَ عَبْدَهُ، وَهَزَمَ الْأَحْزَابَ وَحْدَهُ»

"അല്ലാഹു അല്ലാതെ മറ്റൊരാരാധ്യനുമില്ല. അവൻ ഏകൻ മാത്രമാണ്. തൻ്റെ വാഗ്ദത്തം അവൻ പാലിച്ചു. തൻ്റെ ദാസനെ അവൻ സഹായിച്ചു. ശത്രുസേനകളെ അവൻ ഒറ്റക്ക് പരാജയപ്പെടുത്തി"

13

«اللَّهُمَّ أَنْتَ رَبِّي لاَ إِلَهَ إِلَّا أَنْتَ، خَلَقْتَنِي وَأَنَا عَبْدُكَ، وَأَنَا عَلَى عَهْدِكَ وَوَعْدِكَ مَا اسْتَطَعْتُ، أَعُوذُ بِكَ مِنْ شَرِّ مَا صَنَعْتُ، أَبُوءُ لَكَ بِنِعْمَتِكَ عَلَيَّ، وَأَبُوءُ لَكَ بِذَنْبِي فَاغْفِرْ لِي، فَإِنَّهُ لاَ يَغْفِرُ الذُّنُوبَ إِلَّا أَنْتَ»

"അല്ലാഹുവേ, നീയാണ് എന്റെ നാഥൻ. നീ അല്ലാതെ ആരാധ്യനില്ല. നീ എന്നെ സൃഷ്ടിച്ചു. നിന്റെ ദാസനാണ് ഞാൻ. എനിക്ക് സാധ്യമാവുന്നിടത്തോളം നിന്നോടുള്ള കരാറും ഉടമ്പടിയും പാലിക്കുന്നതാണ്. നീ എനിക്ക്

ചെയ്തുതന്ന അനുഗ്രഹങ്ങളും ഞാൻ ചെയ്ത പാപങ്ങളും ഞാൻ നിന്നോട് സമ്മതിക്കുന്നു. അതിനാൽ എനിക്ക് നീ പൊറുത്ത് തരണേ! നിശ്ചയം നീ അല്ലാതെ പാപങ്ങൾ പൊറുക്കുന്നവനില്ല"

## 14

«اللَّهُمَّ إِنِّي أَسْأَلُكَ بِأَنَّ لَكَ الْحَمْدُ، لَا إِلَهَ إِلَّا أَنْتَ الْمَنَّانُ، بَدِيعُ السَّمَوَاتِ وَالْأَرْضِ، يَا ذَا الْجَلَالِ وَالْإِكْرَامِ، يَا حَيُّ يَا قَيُّومُ»

"അല്ലാഹുവേ, നിനക്കാണ് സർവ്വ സ്തുതിയും. നീയല്ലാതെ ആരാധ്യനില്ല. നീ ഏകനും പങ്കുകാരില്ലാത്തവനുമാണ്. ഗുണം ചെയ്യുന്നവനും നീയാണ്. ആകാശങ്ങളുടേയും ഭൂമിയുടേയും സ്രഷ്ടാവേ, ഉന്നതിയും മഹത്വവും ഉടയവനേ, ജീവിച്ചിരിക്കുന്നവനും എല്ലാം നിയന്ത്രിക്കുന്നവനുമായവനേ! നിന്നോട് ഞാൻ തേടുന്നു"

ഈ പ്രാർത്ഥന അല്ലാഹുവിന്റെ ഏറ്റവും ശ്രേഷ്ഠമായ നാമങ്ങളാണെന്നും അത് മുഖേനെ പ്രാർത്ഥിച്ചാൽ ഉത്തരം ലഭിക്കുമെന്നും ചോദിച്ചാൽ നല്കപ്പെടുമെന്നും ഹദീസിൽ പ്രസ്താവിക്കപ്പെട്ടിട്ടുണ്ട്

15

«سُبْحَانَكَ مَا أَعْظَمَكَ رَبَّنَا»

"ഞങ്ങളുടെ രക്ഷിതാവേ നീ പരിശുദ്ധനായിരിക്കുന്നു, നിന്നെക്കാൾ മഹത്വമുള്ളതായി യാതൊന്നുമില്ല"

16

«سُبْحَانَ ذِي الْجَبَرُوتِ وَالْمَلَكُوتِ وَالْكِبْرِيَاءِ وَالْعَظَمَةِ»

"സർവ്വ ശക്തിയും പരമാധികാരവും അത്യുന്നതയും മഹത്വവുമുള്ളവന്റെ പരിശുദ്ധിയെ ഞാൻ പ്രകീർത്തിക്കുന്നു."

17

«اللهُ أَكْبَرُ اللهُ أَكْبَرُ اللهُ أَكْبَرُ ذُو الْمَلَكُوتِ وَالْجَبَرُوتِ وَالْكِبْرِيَاءِ وَالْعَظَمَةِ»

"അല്ലാഹു അക്ബർ -മൂന്ന് പ്രാവശ്യം - സർവ്വ ശക്തിയും പരമാധികാരവും അത്യുന്നതയും മഹത്വവുമുള്ളവൻ"

**18**

«اللَّهُ أَكْبَرُ كَبِيرًا، وَالْحَمْدُ لِلَّهِ كَثِيرًا، وَسُبْحَانَ اللَّهِ بُكْرَةً وَأَصِيلًا»

"അല്ലാഹു ഏറ്റവും വലിയവനാണ്. അല്ലാഹുവിന് അതിരറ്റ എല്ലാ സ്തുതികളും അർപ്പിക്കുന്നു. പ്രഭാതത്തിലും പ്രദോഷത്തിലും അല്ലാഹുവിന്റെ പരിശുദ്ധിയെ ഞാൻ വാഴ്ത്തുന്നു "

## പ്രാർത്ഥിക്കുന്നവൻ അല്ലാഹുവിനെ സ്തുതിച്ച ശേഷം നബി(സ)യുടെ മേൽ സ്വലാത്ത് ചൊല്ലുന്നത് പുണ്യകരമാണ്

«اللَّهُمَّ صَلِّ وَسَلّم عَلَى مُحَمَّدٍ وَعَلَى آلِ مُحَمَّدٍ، كَمَا صَلَّيْتَ عَلَى إِبْرَاهِيمَ، وَعَلَى آلِ إِبْرَاهِيمَ، إِنَّكَ حَمِيدٌ مَجِيدٌ»

"അല്ലാഹുവേ, ഇബ്റാഹീമിനും കുടുംബത്തിനും നീ ഗുണം ചെയ്ത പോലെ മുഹമ്മദ് നബി(സ)ക്കും കുടുംബത്തിനും നീ ഗുണം ചെയ്യേണമേ! നിശ്ചയം നീ സ്തുത്യർഹനും ഉന്നതനുമാണ്. "

صحيح الدعاء والثناء على الله تعالى

# ഖുർആനിലെ പ്രാർത്ഥനകൾ

1

﴿حَسْبِيَ ٱللَّهُ لَآ إِلَٰهَ إِلَّا هُوَ ۖ عَلَيْهِ تَوَكَّلْتُ ۖ وَهُوَ رَبُّ ٱلْعَرْشِ ٱلْعَظِيمِ ١٢٩﴾

[التوبة:١٢٩]

"എനിക്ക് അല്ലാഹു മതി. അവനല്ലാതെ ഒരു ദൈവവുമില്ല. അവന്റെ മേലാണ് ഞാന് ഭരമേല്പിച്ചിരിക്കുന്നത്. അവനാണ് മഹത്തായ സിംഹാസനത്തിന്റെ നാഥന്." (സൂ. തൗബ 129)

2

﴿لَّآ إِلَٰهَ إِلَّآ أَنتَ سُبۡحَٰنَكَ إِنِّي كُنتُ مِنَ ٱلظَّٰلِمِينَ ٨٧﴾ [الأنبياء:٨٧]

"നീയല്ലാതെ യാതൊരു ദൈവവുമില്ല. നീ എത്ര പരിശുദ്ധന്! തീര്ച്ചയായും ഞാന് അക്രമികളുടെ കൂട്ടത്തില് പെട്ടവനായിരിക്കുന്നു. "

(സൂ.അമ്പിയാഅ് 87)

3

﴿رَبِّ ٱجْعَلْنِى مُقِيمَ ٱلصَّلَوٰةِ وَمِن ذُرِّيَّتِى ۚ رَبَّنَا وَتَقَبَّلْ دُعَآءِ ﴿٤٠﴾﴾ [إبراهيم: ٤٠]

"എന്റെ രക്ഷിതാവേ, എന്നെ നീ നമസ്കാരം മുറപ്രകാരം നിര്വഹിക്കുന്നവനാക്കേണമേ. എന്റെ സന്തതികളില് പെട്ടവരെയും (അപ്രകാരം ആക്കേണമേ ) ഞങ്ങളുടെ രക്ഷിതാവേ, എന്റെ പ്രാര്ത്ഥന നീ സ്വീകരിക്കുകയും ചെയ്യേണമേ." (സൂ. ഇബ്റാഹീം 40)

4

﴿هُنَالِكَ دَعَا زَكَرِيَّا رَبَّهُۥۖ قَالَ رَبِّ هَبۡ لِي مِن لَّدُنكَ ذُرِّيَّةٗ طَيِّبَةًۖ إِنَّكَ سَمِيعُ ٱلدُّعَآءِ ٣٨﴾ [آل عمران:٣٨]

"എന്റെ രക്ഷിതാവേ, എനിക്ക് നീ നിന്റെ പക്കല് നിന്ന് ഒരു ഉത്തമ സന്താനത്തെ നല്കേണമേ. തീര്ച്ചയായും നീ പ്രാര്ത്ഥന കേള്ക്കുന്നവനാണല്ലോ " (സൂ. ആലു ഇമ്രാൻ 38)

5

﴿رَبَّنَا ٱغۡفِرۡ لَنَا ذُنُوبَنَا وَإِسۡرَافَنَا فِيٓ أَمۡرِنَا وَثَبِّتۡ أَقۡدَامَنَا وَٱنصُرۡنَا عَلَى ٱلۡقَوۡمِ ٱلۡكَٰفِرِينَ ١٤٧﴾ [آل عمران:١٤٧]

"ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളുടെ പാപങ്ങളും, ഞങ്ങളുടെ കാര്യങ്ങളില് വന്നുപോയ അതിക്രമങ്ങളും ഞങ്ങള്ക്ക് നീ പൊറുത്തുതരേണമേ. ഞങ്ങളുടെ കാലടികള് നീ ഉറപ്പിച്ച് നിര്ത്തുകയും, സത്യനിഷേധികളായ ജനതക്കെതിരില് ഞങ്ങളെ നീ സഹായിക്കുകയും ചെയ്യേണമേ" (സൂ. ആലു ഇമ്രാൻ 147)

## 6

﴿رَّبِّ ٱغۡفِرۡ وَٱرۡحَمۡ وَأَنتَ خَيۡرُ ٱلرَّٰحِمِينَ ١١٨﴾ [المؤمنون:١١٨]

"എന്റെ രക്ഷിതാവേ, നീ പൊറുത്തുതരികയും കരുണ കാണിക്കുകയും ചെയ്യേണമേ. നീ കാരുണികരില് ഏറ്റവും ഉത്തമനാണല്ലോ" (സൂ . മുഅ്മിനൂന് 118)

7

﴿رَبِّ إِنِّي ظَلَمۡتُ نَفۡسِي فَٱغۡفِرۡ لِي﴾

[القصص:١٦]

"എന്റെ രക്ഷിതാവേ, തീര്ച്ചയായും ഞാന് എന്നോട് തന്നെ അന്യായം ചെയ്തിരിക്കുന്നു. അതിനാല് നീ എനിക്ക് പൊറുത്തുതരേണമേ" (സൂ. ഖസസ് 16)

8

﴿رَبَّنَآ أَفۡرِغۡ عَلَيۡنَا صَبۡرٗا وَثَبِّتۡ أَقۡدَامَنَا وَٱنصُرۡنَا عَلَى ٱلۡقَوۡمِ ٱلۡكَٰفِرِينَ ٢٥٠﴾

[البقرة:٢٥٠]

"ഞങ്ങളുടെ നാഥാ! ഞങ്ങളുടെ മേല് നീ ക്ഷമ ചൊരിഞ്ഞുതരികയും ഞങ്ങളുടെ പാദങ്ങളെ നീ ഉറപ്പിച്ച് നിര്ത്തുകയും, സത്യനിഷേധികളായ ജനങ്ങള്ക്കെതിരില് ഞങ്ങളെ നീ സഹായിക്കുകയും ചെയ്യേണമേ. "

(സൂ. ബഖറ 250)

9

﴿رَبَّنَا لَا تُزِغۡ قُلُوبَنَا بَعۡدَ إِذۡ هَدَيۡتَنَا وَهَبۡ لَنَا مِن لَّدُنكَ رَحۡمَةًۚ إِنَّكَ أَنتَ ٱلۡوَهَّابُ ٨﴾ [آل عمران:٨]

"ഞങ്ങളുടെ നാഥാ, ഞങ്ങളെ നീ സന്മാര്ഗത്തിലാക്കിയതിന്നു ശേഷം ഞങ്ങളുടെ മനസ്സുകളെ നീ തെറ്റിക്കരുതേ. നിന്റെ അടുക്കല് നിന്നുള്ള കാരുണ്യം ഞങ്ങള്ക്ക് നീ പ്രദാനം ചെയ്യേണമേ. തീര്ച്ചയായും നീ അത്യധികം ഔദാര്യവാനാകുന്നു "

(സൂ. ആലു ഇമ്രാൻ 8)

10

﴿رَبِّ ٱشۡرَحۡ لِي صَدۡرِي ۝٢٥ وَيَسِّرۡ لِيٓ أَمۡرِي ۝٢٦﴾ [طه:٢٥-٢٦]

"എന്റെ രക്ഷിതാവേ, നീ എനിക്ക് ഹൃദയവിശാലത നല്കേണമേ. * എനിക്ക് എന്റെ കാര്യം നീ എളുപ്പമാക്കിത്തരേണമേ." (സൂ. ത്വാഹാ 25-26)

11

﴿مَسَّنِيَ ٱلضُّرُّ وَأَنتَ أَرۡحَمُ ٱلرَّٰحِمِينَ ٨٣﴾
[الأنبياء:٣٨]

"എനിക്കിതാ കഷ്ടപ്പാട് ബാധിച്ചിരിക്കുന്നു. നീ കാരുണികരില് വെച്ച് ഏറ്റവും കരുണയുള്ളവനാണല്ലോ" (സൂ. അമ്പിയാഅ് 83)

## 12

﴿رَّبِّ أَعُوذُ بِكَ مِنْ هَمَزَٰتِ ٱلشَّيَٰطِينِ ٩٧
وَأَعُوذُ بِكَ رَبِّ أَن يَحْضُرُونِ ٩٨﴾

[المؤمنون:٧٩–٨٩]

"എന്റെ രക്ഷിതാവേ, പിശാചുക്കളുടെ ദുര്ബോധനങ്ങളില് നിന്ന് ഞാന് നിന്നോട് രക്ഷതേടുന്നു. * അവര് ( പിശാചുക്കള് ) എന്റെ അടുത്ത് സന്നിഹിതരാകുന്നതില് നിന്നും എന്റെ രക്ഷിതാവേ, ഞാന് നിന്നോട് രക്ഷതേടുന്നു" (സൂ. അൽ മുഅ്മിനൂന് 97-98)

13

﴿رَبَّنَا ٱصۡرِفۡ عَنَّا عَذَابَ جَهَنَّمَۖ إِنَّ عَذَابَهَا كَانَ غَرَامًا ٦٥﴾ [الفرقان:٥٦]

"ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളില് നിന്ന് നരകശിക്ഷ നീ ഒഴിവാക്കിത്തരേണമേ, തീര്ച്ചയായും അതിലെ ശിക്ഷ വിട്ടൊഴിയാത്ത വിപത്താകുന്നു" (സൂ. ഫുർഖാൻ 65)

## 14

﴿وَسِعَ رَبُّنَا كُلَّ شَيْءٍ عِلْمًا ۚ عَلَى ٱللَّهِ تَوَكَّلْنَا ۚ رَبَّنَا ٱفْتَحْ بَيْنَنَا وَبَيْنَ قَوْمِنَا بِٱلْحَقِّ وَأَنتَ خَيْرُ ٱلْفَٰتِحِينَ ﴿٨٩﴾﴾ [الأعراف:٩٨]

" ഞങ്ങളുടെ രക്ഷിതാവിന്റെ അറിവ് എല്ലാകാര്യത്തെയും ഉള്‍ക്കൊള്ളുന്നതായിരിക്കുന്നു. അല്ലാഹുവിന്റെ മേലാണ് ഞങ്ങള്‍ ഭരമേല്‍പിച്ചിരിക്കുന്നത്. ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങള്‍ക്കും ഞങ്ങളുടെ ജനങ്ങള്‍ക്കുമിടയില്‍ നീ സത്യപ്രകാരം തീര്‍പ്പുണ്ടാക്കണമേ. നീയാണ് തീര്‍പ്പുണ്ടാക്കുന്നവരില്‍ ഉത്തമന്‍" (സൂ. അഅ്റാഫ് 89)

15

﴿ٱرۡزُقۡنَا وَأَنتَ خَيۡرُ ٱلرَّٰزِقِينَ ١١٤﴾

[المائدة:١١٤]

"ഞങ്ങള്ക്ക് നീ ഉപജീവനം നല്കുകയും ചെയ്യേണമേ. നീ ഉപജീവനം നല്കുന്നവരില് ഏറ്റവും ഉത്തമനാണല്ലോ" (സൂ മാഇദ 114)

16

﴿رَبَّنَآ ءَاتِنَا مِن لَّدُنكَ رَحۡمَةٗ وَهَيِّئۡ لَنَا مِنۡ أَمۡرِنَا رَشَدٗا ١٠﴾ [الكهف:١٠]

"ഞങ്ങളുടെ രക്ഷിതാവേ, നിന്റെ പക്കല് നിന്നുള്ള കാരുണ്യം ഞങ്ങള്ക്ക് നീ നല്കുകയും ഞങ്ങളുടെ കാര്യം നേരാംവണ്ണം നിര്വഹിക്കുവാന് നീ സൗകര്യം നല്കുകയും ചെയ്യേണമേ" (സൂ. കഹ്ഫ് 10)

17

﴿رَبِّ هَبۡ لِي حُكۡمًا وَأَلۡحِقۡنِي بِٱلصَّٰلِحِينَ ٨٣﴾ [الشعراء:٣٨]

"എന്റെ  രക്ഷിതാവേ, എനിക്ക് നീ തത്വജ്ഞാനം നല്കുകയും എന്നെ നീ സജ്ജനങ്ങളോടൊപ്പം  ചേര്ക്കുകയും ചെയ്യേണമേ" (സൂ.ശുഅറാ 83)

18

﴿رَّبِّ زِدۡنِي عِلۡمٗا﴾ [طه:١١٤]

"എന്റെ രക്ഷിതാവേ, എനിക്കു നീ ജ്ഞാനം വര്ധിപ്പിച്ച തരേണമേ" (സൂ. ത്വാഹാ 114)

19

﴿رَبِّ إِنِّي لِمَآ أَنزَلۡتَ إِلَيَّ مِنۡ خَيۡرٖ فَقِيرٞ ٢٤﴾ [القصص:٢٤]

"എന്റെ രക്ഷിതാവേ, നീ എനിക്ക് ഇറക്കിത്തരുന്ന ഏതൊരു നന്മയ്ക്കും ഞാന് ആവശ്യക്കാരനാകുന്നു" (സൂ. ഖസസ് 24)

20

﴿رَبَّنَا هَبْ لَنَا مِنْ أَزْوَٰجِنَا وَذُرِّيَّٰتِنَا قُرَّةَ أَعْيُنٍ وَٱجْعَلْنَا لِلْمُتَّقِينَ إِمَامًا﴿٧٤﴾﴾

[الفرقان:٧٤]

"ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളുടെ ഭാര്യമാരില് നിന്നും സന്തതികളില് നിന്നും ഞങ്ങള്ക്ക് നീ കണ്കുളിര്മ നല്കുകയും ധര്മ്മനിഷ്ഠ പാലിക്കുന്നവര്ക്ക് ഞങ്ങളെ നീ മാതൃകയാക്കുകയും ചെയ്യേണമേ" (സൂ. ഫുർഖാൻ 74)

21

﴿رَبِّ أَوْزِعْنِيٓ أَنْ أَشْكُرَ نِعْمَتَكَ ٱلَّتِيٓ أَنْعَمْتَ عَلَيَّ وَعَلَىٰ وَٰلِدَيَّ وَأَنْ أَعْمَلَ صَٰلِحًا تَرْضَىٰهُ وَأَدْخِلْنِي بِرَحْمَتِكَ فِي عِبَادِكَ ٱلصَّٰلِحِينَ ١٩﴾ [النمل:١٩]

"എന്റെ രക്ഷിതാവേ, എനിക്കും എന്റെ മാതാപിതാക്കള്ക്കും നീ ചെയ്ത് തന്നിട്ടുള്ള നിന്റെ അനുഗ്രഹത്തിന് നന്ദികാണിക്കുവാനും നീ തൃപ്തിപ്പെടുന്ന സല്കര്മ്മം ചെയ്യുവാനും എനിക്ക് നീ പ്രചോദനം നല്കേണമേ. നിന്റെ കാരുണ്യത്താല് നിന്റെ സദ്വൃത്തരായ ദാസന്മാരുടെ കൂട്ടത്തില് എന്നെ നീ ഉള്പെടുത്തുകയും ചെയ്യേണമേ" (സൂ. നംല് 19)

## 22

﴿رَبَّنَا تَقَبَّلْ مِنَّآ ۖ إِنَّكَ أَنتَ ٱلسَّمِيعُ ٱلْعَلِيمُ ﴿١٢٧﴾ ﴿وَتُبْ عَلَيْنَآ ۖ إِنَّكَ أَنتَ ٱلتَّوَّابُ ٱلرَّحِيمُ ﴿١٢٨﴾ [البقرة:١٢٧-١٢٨]

"ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളില് നിന്ന് നീയിത് സ്വീകരിക്കേണമേ. തീര്ച്ചയായും നീ എല്ലാം കേള്ക്കുന്നവനും അറിയുന്നവനുമാകുന്നു. * ഞങ്ങളുടെ പശ്ചാത്താപം സ്വീകരിക്കുകയും ചെയ്യേണമേ. തീര്ച്ചയായും നീ അത്യധികം പശ്ചാത്താപം സ്വീകരിക്കുന്നവനും കരുണാനിധിയുമാകുന്നു " (സൂ. ബഖറ 127-128)

# നമസ്കാരത്തിലെ പ്രാർത്ഥനകൾ



അടുത്തത്

ഒന്നാം പേജിലേക് മടങ്ങുക

1

«اللَّهُمَّ بَاعِدْ بَيْنِي وَبَيْنَ خَطَايَايَ كَمَا بَاعَدْتَ بَيْنَ الْمَشْرِقِ وَالْمَغْرِبِ، اللَّهُمَّ نَقِّنِي مِنْ خَطَايَايَ كَمَا يُنَقَّى الثَّوْبُ الْأَبْيَضُ مِنَ الدَّنَسِ، اللَّهُمَّ اغْسِلْنِي مِنْ خَطَايَايَ بِالثَّلْجِ وَالْمَاءِ وَالْبَرَدِ»

" അല്ലാഹ്ഹുവേ, കിഴക്കിനും പടിഞ്ഞാറിനുമിടയിൽ നീ അകറ്റിയതുപോലെ എന്റെയും എന്റെ പാപങ്ങളുടെയും ഇടയിൽ നീ അകറ്റേണമേ! അല്ലാഹ്ഹുവേ വെള്ള വസ്ത്രം അഴുക്കിൽ നിന്ന് ശുദ്ധിയാക്കപ്പെടുന്നതു പോലെ

എന്നെ പാപങ്ങളിൽ നിന്ന് നീ ശുദ്ധിയാക്കേണമേ! അല്ലാഹുവേ, എന്നെ പാപങ്ങളിൽ നിന്ന് ആലിപ്പഴം കൊണ്ടും വെള്ളം കൊണ്ടും മഞ്ഞ് കൊണ്ടും കഴുകേണമേ! "

ഇത് നമസ്കാരത്തിലെ പ്രാരംഭ പ്രാർത്ഥനകളിൽ പെട്ടതാണ്

## 2

«اللَّهُمَّ رَبَّ جَبْرَائِيلَ، وَمِيكَائِيلَ، وَإِسْرَافِيلَ، فَاطِرَ السَّمَاوَاتِ وَالْأَرْضِ، عَالِمَ الْغَيْبِ وَالشَّهَادَةِ، أَنْتَ تَحْكُمُ بَيْنَ عِبَادِكَ فِيمَا كَانُوا فِيهِ يَخْتَلِفُونَ، اهْدِنِي لِمَا اخْتُلِفَ فِيهِ مِنَ الْحَقِّ بِإِذْنِكَ، إِنَّكَ تَهْدِي مَنْ تَشَاءُ إِلَى صِرَاطٍ مُسْتَقِيمٍ»

"ആകാശങ്ങളുടെയും ഭൂമിയുടെയും സ്രഷ്ടാവും, ദൃശ്യവും അദൃശ്യവും അറിയുന്നവനും, ജിബ്രീൽ, മീക്കാഈൽ, ഇസ്റാഫീൽ എന്നിവരുടെ നാഥനുമായ അല്ലാഹുവേ, നിന്റെ

ദാസൻമാർക്കിടയിൽ ഭിന്നിപ്പുള്ള കാര്യത്തിൽ വിധിക്കുന്നവൻ നീയാണ്. ഭിന്നിച്ചിട്ടുള്ളതിൽ സത്യത്തിലേക്ക് നിന്റെ അനുമതിയോടെ എന്നെ നയിക്കേണമേ! നിശ്ചയമായും നീ ഉദ്ദേശിക്കുന്നവരെ ചൊവ്വായ മാർഗ്ഗത്തിലേക്ക് നയിക്കുന്നു."

(ഇത് നമസ്കാരത്തിലെ പ്രാരംഭ പ്രാർത്ഥനകളിൽ പെട്ടതാണ് , വിശിഷ്യാ രാത്രി നമസ്കാരത്തിൽ )

(ആശയക്കുഴപ്പത്തിലാകുകയും ഹൃദയത്തിൽ സംശയം പ്രത്യക്ഷപ്പെടുകയും ചെയ്യുന്ന സമയത്ത് ചൊല്ലേണ്ടതാണെന്ന് പറയപ്പെടുന്നു)

3

«وَجَّهْتُ وَجْهِيَ لِلَّذِي فَطَرَ السَّمَاوَاتِ وَالْأَرْضَ حَنِيفًا، وَمَا أَنَا مِنَ الْمُشْرِكِينَ، إِنَّ صَلَاتِي، وَنُسُكِي، وَمَحْيَايَ، وَمَمَاتِي لِلهِ رَبِّ الْعَالَمِينَ، لَا شَرِيكَ لَهُ، وَبِذَلِكَ أُمِرْتُ وَأَنَا مِنَ الْمُسْلِمِينَ، اللَّهُمَّ أَنْتَ الْمَلِكُ لَا إِلَهَ إِلَّا أَنْتَ أَنْتَ رَبِّي، وَأَنَا عَبْدُكَ، ظَلَمْتُ نَفْسِي، وَاعْتَرَفْتُ بِذَنْبِي، فَاغْفِرْ لِي ذُنُوبِي جَمِيعًا، إِنَّهُ لَا يَغْفِرُ الذُّنُوبَ إِلَّا أَنْتَ، وَاهْدِنِي لِأَحْسَنِ الْأَخْلَاقِ لَا يَهْدِي لِأَحْسَنِهَا إِلَّا أَنْتَ، وَاصْرِفْ عَنِّي سَيِّئَهَا لَا يَصْرِفُ عَنِّي سَيِّئَهَا إِلَّا أَنْتَ، لَبَّيْكَ وَسَعْدَيْكَ وَالْخَيْرُ كُلُّهُ فِي يَدَيْكَ، وَالشَّرُّ لَيْسَ إِلَيْكَ، أَنَا بِكَ وَإِلَيْكَ، تَبَارَكْتَ وَتَعَالَيْتَ، أَسْتَغْفِرُكَ وَأَتُوبُ إِلَيْكَ»

" ആ കാ ശ ങ്ങ ളേ യു ം , ഭൂമിയേയും സൃഷ്ടിച്ചവനിലേക്ക് ഋജുമനസ്കനായി ഞാൻ എന്റെ മുഖത്തെ തിരിച്ചിരിക്കുന്നു. ഞാൻ ബഹുദൈവാരാധകരിൽ പെട്ടവനല്ല. നിശ്ചയം എന്റെ നമസ്കാരവും ആരാധനകളും എന്റെ ജീവിതവും മരണവും ലോക രക്ഷിതാവായ അല്ലാഹുവിനാണ്. അവന് പങ്കുകാരേ ഇല്ല. അതാണ് എന്നോട് കൽപിക്കപ്പെട്ടിരിക്കുന്നത്. ഞാൻ മുസ്ലിംകളിൽ പെട്ടവനാണ്. അല്ലാഹുവേ നീയാണ് രാജാധിപത്യമുള്ളവൻ. നീയല്ലാതെ ആരാധ്യനില്ല. നീ എന്റെ നാഥനും ഞാൻ നിന്റെ ദാസനുമാണ്.

ഞാൻ എന്നോട് തന്നെ അക്രമം ചെയ്തിരിക്കുന്നു. ഞാൻ എന്റെ പാപങ്ങൾ ഏറ്റുപറയുന്നു. അതിനാൽ എന്റെ മുഴുവൻ പാപങ്ങളും നീ പൊറുത്ത് തരേണമേ! നിശ്ചയം നീയല്ലാതെ പാപങ്ങൾ പൊറുക്കാനില്ല. ഉത്തമ സ്വഭാവ ഗുണങ്ങളിലേക്ക് നീ എന്നെ നയിക്കേണമേ! അതിലേക്ക് നയിക്കാൻ നീയല്ലാതെ ഇല്ല. എന്നിൽ നിന്ന് ചീത്ത സ്വഭാവങ്ങളെ നീ തടയേണമേ! അതിനെ എന്നിൽ നിന്ന് നീ അല്ലാതെ തിരിച്ചു കളയുകയില്ല. നിന്റെ വിളിക്ക് ഞാൻ ഉത്തരം ചെയ്യുകയും നിന്നെ സന്തോഷപൂർവ്വം സേവിക്കുകയും ചെയ്യുന്നു. നൻമ മുഴുവനും നിന്റെ കൈകളിലാണ്.

തിൻമയൊന്നും നിന്നിലേക്കല്ല. ഞാൻ (ജീവിക്കുന്നത് ) നിന്നെകൊണ്ടും (എന്റെ മടക്കം) നിന്നിലേക്കുമാണ്. നീ അനുഗ്രഹീതനും ഉന്നതനുമായിരിക്കുന്നു. ഞാൻ നിന്നോട് പാപമോചനം ചോദിക്കുകയും നിന്നിലേക്ക് പശ്ചാത്തപിച്ച് മടങ്ങുകയും ചെയ്യുന്നു."

(ഇത് നമസ്കാരത്തിലെ പ്രാരംഭ പ്രാർത്ഥനകളിൽ പെട്ടതാണ് , വിശിഷ്യാ രാത്രി നമസ്കാരത്തിൽ )

4

«سُبْحَانَكَ اللَّهُمَّ رَبَّنَا وَبِحَمْدِكَ اللَّهُمَّ اغْفِرْ لِي»

"ഞങ്ങളുടെ നാഥനായ അല്ലാഹുവേ, നിന്നെ സ്തുതിക്കുന്നതോടൊപ്പം നിന്റെ പരിശുദ്ധിയെ ഞാൻ വാഴ്ത്തുന്നു. അല്ലാഹുവേ എനിക്ക് പാപമോചനം നൽകേണമേ"

സുജൂദിലും റുകൂഇലും ചൊല്ലാൻ പഠിപ്പിക്കപ്പെട്ട പ്രാർത്ഥന

5

«اللَّهُمَّ أَعُوذُ بِرِضَاكَ مِنْ سَخَطِكَ، وَبِمُعَافَاتِكَ مِنْ عُقُوبَتِكَ، وَأَعُوذُ بِكَ مِنْكَ لَا أُحْصِي ثَنَاءً عَلَيْكَ أَنْتَ كَمَا أَثْنَيْتَ عَلَى نَفْسِكَ»

"അല്ലാഹുവേ, നിശ്ചയം ഞാനിതാ നിന്റെ പ്രീതി കൊണ്ട് നിന്റെ കോപത്തിൽ നിന്നും, നിന്റെ വിട്ടുവീഴ്ച കൊണ്ട് നിന്റെ ശിക്ഷയിൽ നിന്നും അഭയം തേടുന്നു. നിന്നിൽ നിന്നുള്ള എല്ലാ വിഷമങ്ങളിൽ നിന്നും നിന്നോട് ഞാൻ കാവൽ തേടുന്നു. നിന്റെ മേലുള്ള സ്തുതിയെ കണക്കാക്കാൻ എനിക്ക് കഴിയില്ല. നീ നിന്നെക്കുറിച്ച് പ്രകീർത്തിച്ചത് എങ്ങിനെയാണോ

അങ്ങിനെയാണ് നീ."

## സുജൂദിൽ ചൊല്ലാൻ പഠിപ്പിക്കപ്പെട്ട പ്രാർത്ഥന

6

«اللَّهُمَّ اغْفِرْ لِي ذَنْبِي كُلَّهُ دِقَّهُ، وَجِلَّهُ، وَأَوَّلَهُ وَآخِرَهُ وَعَلَانِيَتَهُ وَسِرَّهُ»

"അല്ലാഹുവേ, ചെറുതും വലുതും ആദ്യത്തേതും അവസാനത്തേതും പരസ്യവും രഹസ്യവുമായ എന്റെ എല്ലാ പാപങ്ങളും നീ പൊറുത്തു തരേണമേ"

## സുജൂദിൽ ചൊല്ലാൻ പഠിപ്പിക്കപ്പെട്ട പ്രാർത്ഥന

7

«اللَّهُمَّ اجْعَلْ لِي فِي قَلْبِي نُورًا، وَفِي لِسَانِي نُورًا، وَفِي سَمْعِي نُورًا، وَفِي بَصَرِي نُورًا، وَمِنْ فَوْقِي نُورًا، وَمِنْ تَحْتِي نُورًا، وَعَنْ يَمِينِي نُورًا، وَعَنْ شِمَالِي نُورًا، وَمِنْ بَيْنِ يَدَيَّ نُورًا، وَمِنْ خَلْفِي نُورًا، وَاجْعَلْ فِي نَفْسِي نُورًا، وَأَعْظِمْ لِي نُورًا»

"അല്ലാഹുവേ, എന്റെ ഹൃദയത്തിലും നാവിലും കാതിലും കണ്ണിലും നീ പ്രകാശം നൽകേണമേ! എന്റെ മുകളിലും താഴെയും വലതും ഇടതും ഭാഗങ്ങളിലും എന്റെ മുന്നിലും പിന്നിലും നീ പ്രകാശം നൽകേണമേ! എനിക്ക്

പ്രകാശത്തെ നൽകുകയും അത് എനിക്ക് മഹത്വപ്പെടുത്തിതരികയും ചെയ്യേണമേ!"

സുജ്ജൂദിൽ, വിശിഷ്യാ രാത്രി നമസ്കാരത്തിലെ സുജ്ജൂദിൽ ചൊല്ലാൻ പഠിപ്പിക്കപ്പെട്ട പ്രാർത്ഥന

8

«اللَّهُمَّ إِنِّي أَعُوذُ بِكَ مِنْ عَذَابِ جَهَنَّمَ، وَمِنْ عَذَابِ الْقَبْرِ، وَمِنْ فِتْنَةِ الْمَحْيَا وَالْمَمَاتِ، وَمِنْ شَرِّ فِتْنَةِ الْمَسِيحِ الدَّجَّالِ»

"അല്ലാഹുവേ, നരക ശിക്ഷയിൽ ഖബർ ശിക്ഷയിൽ നിന്നും നിന്നും ജീവിതത്തിലും മരണത്തിലുമുണ്ടാകുന്ന പരീക്ഷണങ്ങളിൽ നിന്നും മസീഹുദ്ദജ്ജാലിന്റെ ഉപദ്രവങ്ങളിൽ നിന്നും ഞാൻ നിന്നിലഭയം തേടുന്നു."

അവസാന തശഹ്ഹുദിൽ സലാം വീട്ടുന്നതിന് മുന്നേ ചൊല്ലാൻ പഠിപ്പിക്കപ്പെട്ട പ്രാർത്ഥന

9

«اللَّهُمَّ أَعِنِّي عَلَى ذِكْرِكَ، وَشُكْرِكَ، وَحُسْنِ عِبَادَتِكَ»

" അല്ലാഹുവേ, നിന്നെ സ്മരിക്കാനും നിന്നോട് നന്ദികാണിക്കാനും നിനക്ക് നല്ല രൂപത്തിൽ ഇബാദത്ത് ചെയ്യാനും എന്നെ നീ സഹായിക്കേണമേ"

അവസാന തശഹ്ഹുദിൽ സലാം വീട്ടുന്നതിന് മുന്നേ ചൊല്ലാൻ പഠിപ്പിക്കപ്പെട്ട പ്രാർത്ഥന

10

«اللَّهُمَّ اغْفِرْ لِي مَا قَدَّمْتُ وَمَا أَخَّرْتُ، وَمَا أَسْرَرْتُ وَمَا أَعْلَنْتُ، وَمَا أَسْرَفْتُ، وَمَا أَنْتَ أَعْلَمُ بِهِ مِنِّي، أَنْتَ الْمُقَدِّمُ وَأَنْتَ الْمُؤَخِّرُ، لَا إِلَهَ إِلَّا أَنْتَ»

" അല്ലാഹുവേ, ഞാൻ മുന്തിച്ച് ചെയ്തതും പിന്തിച്ച് ചെയ്തതും രഹസ്യമായും പരസ്യമായും അമിതമായും ചെയ്ത് പോയതും എന്നേക്കാൾ കൂടുതൽ നിനക്ക് അറിയാവുന്നതുമായ എന്റെ എല്ലാ പാപങ്ങളും നീ എനിക്ക് പൊറുത്ത് തരേണമേ! നീയാണ് മുന്തിക്കുന്നവനും പിന്തിക്കുന്നവനും. നീയല്ലാതെ

ഒരാരാധ്യനുമില്ല."

അവസാന തശഹ്ഹുദിൽ സലാം വീട്ടുന്നതിന് മുന്നേ ചൊല്ലാൻ പഠിപ്പിക്കപ്പെട്ട പ്രാർത്ഥന

11

«اللَّهُمَّ إِنِّي أَعُوذُ بِكَ مِنَ الْمَأْثَمِ، وَالْمَغْرَمِ»

"അല്ലാഹുവേ, പാപങ്ങളിൽ നിന്നും കടബാധ്യതയിൽ നിന്നും നിന്നോട് അഭയം തേടുന്നു. "

അവസാന തശഹ്ഹുദിൽ സലാം വീട്ടുന്നതിന് മുന്നേ ചൊല്ലാൻ പഠിപ്പിക്കപ്പെട്ട പ്രാർത്ഥന

12

«اللَّهُمَّ إِنِّي أَسْأَلُكَ الْجَنَّةَ، وَأَعُوذُ بِكَ مِنَ النَّارِ»

"അല്ലാഹുവേ നിന്നോട് ഞാൻ സ്വർഗം ചോദിക്കുകയും നരകത്തിൽ നിന്നും രക്ഷ തേടുകയും ചെയ്യുന്നു"

അവസാന തശഹ്ഹുദിൽ സലാം വീട്ടുന്നതിന് മുന്നേ ചൊല്ലാൻ പഠിപ്പിക്കപ്പെട്ട പ്രാർത്ഥന

13

«اللَّهُمَّ إِنِّي أَعُوذُ بِكَ مِنْ الْبُخْلِ وَأَعُوذُ بِكَ مِنْ الْجُبْنِ وَأَعُوذُ بِكَ أَنْ أُرَدَّ إِلَى أَرْذَلِ الْعُمُرِ وَأَعُوذُ بِكَ مِنْ فِتْنَةِ الدُّنْيَا وَأَعُوذُ بِكَ مِنْ عَذَابِ الْقَبْرِ»

"അല്ലാഹുവേ, ലുബ്ധിൽ നിന്നും ഭീരുത്വത്തിൽ നിന്നും വാർദ്ധക്യത്തിന്റെ നിസ്സഹായതയിലേക്ക് മടക്കപ്പെടുന്നതിൽ നിന്നും നിന്നോട് ഞാൻ അഭയം തേടുന്നു. ഭൗതികതയുടെ പരീക്ഷണത്തിൽ നിന്നും ഖബർ ശിക്ഷയിൽ നിന്നും നിന്നോട് ഞാൻ കാവൽ ചോദിക്കുന്നു"

അവസാന തശഹ്ഹുദിൽ സലാം വീട്ടുന്നതിന് മുന്നേ ചൊല്ലാൻ പഠിപ്പിക്കപ്പെട്ട പ്രാർത്ഥന

14

«اللَّهُمَّ إِنِّي ظَلَمْتُ نَفْسِي ظُلْمًا كَثِيرًا وَلَا يَغْفِرُ الذُّنُوبَ إِلَّا أَنْتَ، فَاغْفِرْ لِي مَغْفِرَةً مِنْ عِنْدِكَ، وَارْحَمْنِي إِنَّكَ أَنْتَ الْغَفُورُ الرَّحِيمُ»

"അല്ലാഹുവേ, ഞാൻ എന്റെ ആത്മാവിനോട് അനേകം അക്രമങ്ങൾ ചെയ്തുപോയിട്ടുണ്ട്. പാപങ്ങൾ പൊറുക്കാൻ നീയല്ലാതെയില്ല. അതിനാൽ നിന്റെ അടുത്ത് നിന്നുള്ള പാപമോചനം എനിക്ക് ചെയ്ത് തരികയും എന്നോട് കരുണ കാണിക്കുകയും ചെയ്യേണമേ! നിശ്ചയം നീ കൂടുതൽ പൊറുക്കുന്നവനും

കാരുണ്യവാനമാണല്ലോ?"

സുജൂദിലോ അവസാന തശഹ്ഹുദിൽ സലാം വീട്ടുന്നതിന് മുമ്പായോ ചൊല്ലാൻ പഠിപ്പിക്കപ്പെട്ട പ്രാർത്ഥന

15

«اللَّهُمَّ حَاسِبْنِي حِسَابًا يَسِيرًا»

"അല്ലാഹുവെ എന്റെ വിചാരണ നീ എളുപ്പമുള്ളതാക്കി തീർക്കേണമേ"

സുജൂദിലോ അവസാന തശഹ്ഹുദിൽ സലാം വീട്ടുന്നതിന് മുമ്പായോ ചൊല്ലാൻ പഠിപ്പിക്കപ്പെട്ട പ്രാർത്ഥന

16

«رَبِّ قِنِي عَذَابَكَ يَوْمَ تَبْعَثُ عِبَادَكَ»

"എന്റെ രക്ഷിതാവേ നിന്റെ അടിമകളെ ഉയർത്തെഴുന്നേല്പിക്കുന്ന നാളിലെ നിന്റെ ശിക്ഷയിൽ നിന്നും എന്നെ നീ രക്ഷിക്കേണമേ"

സുജൂദിലോ അവസാന തശഹ്ഹുദിൽ സലാം വീട്ടുന്നതിന് മുമ്പായോ ചൊല്ലാൻ പഠിപ്പിക്കപ്പെട്ട പ്രാർത്ഥന

# നബി(സ)യുടെ പ്രാർത്ഥനകൾ



അടുത്തത്

ഒന്നാം പേജിലേക് മടങ്ങുക

1

«اللَّهُمَّ رَبَّنَا آتِنَا فِي الدُّنْيَا حَسَنَةً، وَفِي الآخِرَةِ حَسَنَةً، وَقِنَا عَذَابَ النَّارِ»

"അല്ലാഹുവെ ഇഹലോകത്തും പരലോകത്തും നീ എനിക്ക് നന്മ പ്രധാനം ചെയ്യുകയും നരക ശിക്ഷയിൽ നിന്നും എന്നെ കാത്തു രക്ഷിക്കുകയും ചെയ്യേണമേ"

നബി(സ) ധാരാളമായി പ്രാർത്ഥിച്ചിരുന്ന പ്രാർത്ഥന

2

«اللَّهُمَّ اغْفِرْ لِي، وَارْحَمْنِي، وَاهْدِنِي، وَعَافِنِي، وَارْزُقْنِي»

" അല്ലാഹുവെ എനിക്ക് നീ പൊറുത്ത് തരേണമേ, എന്നോട് നീ കരുണ കാണിക്കേണമേ, എന്നെ നീ നേർവഴിയിലാക്കേണമേ, എനിക്ക് നീ സൗഖ്യം നൽകേണമേ, എനിക്ക് നീ ഉപജീവനം നൽകുകയും ചെയ്യേണമേ"

ഇഹപര നന്മകളെല്ലാം സമ്മേളിക്കുന്ന പ്രാർത്ഥന

3

«اَللّٰهُمَّ اكْفِنِيْ بِحَلاَلِكَ عَنْ حَرَامِكَ
وَاَغْنِنِيْ بِفَضْلِكَ عَمَّنْ سِوَاكَ»

"അല്ലാഹുവേ, നീ നിഷിദ്ധമാക്കിയതിന് പകരം നീ അനുവദിച്ചതുകൊണ്ട് എന്റെ ആവശ്യങ്ങൾ നിറവേറ്റണേ. നിന്റെ ഔദാര്യം കൊണ്ട് മറ്റുള്ളവരിൽ നിന്നും എന്നെ ധന്യനാക്കേണമേ!"

കടം വീട്ടാനുള്ള പ്രാർത്ഥന

4

«اللَّهُمَّ مُصَرِّفَ الْقُلُوبِ صَرِّفْ قُلُوبَنَا عَلَى طَاعَتِكَ» «يَا مُقَلِّبَ الْقُلُوبِ ثَبِّتْ قَلْبِي عَلَى دِينِكَ»

"അല്ലാഹുവെ, ഹൃദയങ്ങളെ തിരിച്ച് വിടുന്നവനേ, ഞങ്ങളുടെ ഹൃദയങ്ങളെ നിന്റെ അനുസരണയിലേക്ക് തിരിച്ച് വിടേണമേ" "ഹൃദയങ്ങളെ മാറ്റിമറിക്കുന്നവനേ, എന്റെ ഹൃദയത്തെ നിന്റെ മതത്തിൽ ഉറപ്പിച്ച് നിർത്തേണമേ"

സത്യത്തിൽ ഉറപ്പിച്ച് നിർത്താനുള്ള പ്രാർത്ഥന, നബി(സ) ധാരാളമായി ഇത് പ്രാർത്ഥിച്ചിരുന്നു.

5

«اللهُمَّ إِنِّي أَسْأَلُكَ مِنَ الْخَيْرِ كُلِّهِ عَاجِلِهِ وَآجِلِهِ، مَا عَلِمْتُ مِنْهُ وَمَا لَمْ أَعْلَمْ، وَأَعُوذُ بِكَ مِنَ الشَّرِّ كُلِّهِ، عَاجِلِهِ وَآجِلِهِ مَا عَلِمْتُ مِنْهُ، وَمَا لَمْ أَعْلَمْ، اللهُمَّ إِنِّي أَسْأَلُكَ مِنْ خَيْرِ مَا سَأَلَكَ عَبْدُكَ وَنَبِيُّكَ مُحَمَّدٌ ﷺ، وَأَعُوذُ بِكَ مِنْ شَرِّ مَا عَاذَ مِنْهُ عَبْدُكَ وَنَبِيُّكَ، اللهُمَّ إِنِّي أَسْأَلُكَ الْجَنَّةَ وَمَا قَرَّبَ إِلَيْهَا مِنْ قَوْلٍ أَوْ عَمَلٍ، وَأَعُوذُ بِكَ مِنَ النَّارِ وَمَا قَرَّبَ إِلَيْهَا مِنْ قَوْلٍ أَوْ عَمَلٍ، وَأَسْأَلُكَ أَنْ تَجْعَلَ كُلَّ قَضَاءٍ تَقْضِيهِ لِي خَيْرًا»

"അല്ലാഹുവെ, എന്റെ വർത്തമാനത്തിലും ഭാവിയിലുമുള്ള എനിക്ക് അറിയുന്നതും അറിയാത്തതുമായ എല്ലാ നന്മകളും ഞാൻ നിന്നോട് ചോദിക്കുന്നു, എന്റെ വർത്തമാനത്തിലും ഭാവിയിലുമുള്ള എനിക്ക് അറിയുന്നതും അറിയാത്തതുമായ എല്ലാ തിന്മകളിൽ നിന്നും ഞാൻ നിന്നോട് രക്ഷ ചോദിക്കുകയും ചെയ്യുന്നു, അല്ലാഹുവെ, നിന്റെ ദാസനും പ്രവാചകനുമായ മുഹമ്മദ് (സ) നിന്നോട് ചോദിച്ച എല്ലാ നന്മകളും ഞാനും നിന്നോട് ചോദിക്കുന്നു, നിന്റെ ദാസനും പ്രവാചകനുമായവർ നിന്നോട് രക്ഷ തേടിയ എല്ലാ കാര്യത്തെ തൊട്ടും

ഞാനും നിന്നോട് രക്ഷ തേടുന്നു, അല്ലാഹുവെ നിന്നോട് ഞാൻ സ്വർഗവും അതിലേക്ക് അടുപ്പിക്കുന്ന വാക്കുകളും പ്രവർത്തനങ്ങളും ചോദിക്കുന്നു, നരകത്തെ തൊട്ടും അതിലേക്ക് അടുപ്പിക്കുന്ന വാക്കുകളെയും പ്രവർത്തനങ്ങളെയും തൊട്ട് നിന്നോട് ഞാൻ രക്ഷ തേടുകയും ചെയ്യുന്നു. എന്റെ മേലുള്ള നിന്റെ വിധികളെല്ലാം എനിക്ക് നന്മ ആക്കി തീർക്കാനും നിന്നോട് ഞാൻ തേടുന്നു"

വളരെ ചെറിയ വാക്കുകളിൽ ആശയസമ്പുഷ്ടമായ പ്രാർത്ഥനയാണ് ഇത്

6

«يَا حَيُّ يَا قَيُّومُ بِرَحْمَتِكَ أَسْتَغِيثُ، أَصْلِحْ لِي شَأْنِي كُلَّهُ، وَلَا تَكِلْنِي إِلَى نَفْسِي طَرْفَةَ عَيْنٍ»

"എന്നെന്നും ജീവിച്ചിരിക്കുന്നവനും എല്ലാം നിയന്ത്രിക്കുന്നവനുമായവനേ, നിന്റെ കാരുണ്യം കൊണ്ട് എന്നെ സഹായിക്കേണമേ! എന്റെ എല്ലാ കാര്യങ്ങളും നന്നാക്കിത്തീർക്കുകയും ചെയ്യേണമേ! ഇമ വെട്ടുന്ന സമയത്തേക്ക് പോലും എന്നെ സ്വന്തത്തിലേക്ക് തന്നെ ഏൽപിക്കരുതേ"

## പ്രയാസവും വ്യസനവുമുണ്ടാകുമ്പോഴുള്ള പ്രാർത്ഥന

7

«اللَّهُمَّ إِنِّي عَبْدُكَ ابْنُ عَبْدِكَ ابْنُ أَمَتِكَ نَاصِيَتِي بِيَدِكَ مَاضٍ فِيَّ حُكْمُكَ عَدْلٌ فِيَّ قَضَاؤُكَ، أَسْأَلُكَ بِكُلِّ اسْمٍ هُوَ لَكَ سَمَّيْتَ بِهِ نَفْسَكَ أَوْ أَنْزَلْتَهُ فِي كِتَابِكَ أَوْ عَلَّمْتَهُ أَحَدًا مِنْ خَلْقِكَ أَوِ اسْتَأْثَرْتَ بِهِ فِي عِلْمِ الْغَيْبِ عِنْدَكَ أَنْ تَجْعَلَ الْقُرْآنَ رَبِيعَ قَلْبِي وَنُورَ بَصَرِي وَجِلَاءَ حُزْنِي وَذَهَابَ هَمِّي»

"അല്ലാഹുവേ, ഞാൻ നിന്റെ ദാസനും നിന്റെ ദാസന്റെ പുത്രനും നിന്റെ ദാസിയുടെ മകനുമാണ്. എന്റെ മൂർദ്ദാവ് നിന്റെ കയ്യിലാണ്. നിന്റെ തീരുമാ നം എന്നിൽ

നടപ്പിലാകുന്നു. നിന്റെ വിധി എന്നിൽ നീതിയായിത്തീരുന്നു. നീ നിനക്ക് നിശ്ചയിച്ചതും നിന്റെ വേദത്തിൽ അവതരിപ്പിച്ചതും നിന്റെ സൃഷ്ടികളിൽ ആരെയെങ്കിലും നീ പഠിപ്പിച്ചതും നിന്റെ പക്കലുള്ള അദൃശ്യജ്ഞാനത്തിൽ നീ സ്വന്തമാക്കി വെച്ചതുമായ നിനക്കുള്ള മുഴുവൻ പേരുകളുടെയും പേരിൽ, ഖുർആൻ എന്റെ ഹൃദയത്തിന് വസന്തവും എന്റെ നെഞ്ചിന് പ്രകാശവും എന്റെ ദുഃഖത്തിന് പരിഹാരവും എന്റെ വിഷാദത്തെ നീക്കുന്നതുമാക്കിത്തീർക്കേണമേയെന്ന് ഞാൻ നിന്നോട് പ്രാർത്ഥിക്കുന്നു. "

## ദുഃഖവും വ്യസനവുമുണ്ടാകുമ്പോഴുള്ള പ്രാർത്ഥന

8

«اللَّهُمَّ لَا سَهْلَ إِلَّا مَا جَعَلْتَهُ سَهْلًا، وَأَنْتَ تَجْعَلُ الْحَزْنَ سَهْلًا إِذَا شِئْتَ»

"അല്ലാഹുവേ, നീ എളുപ്പമാക്കിയാലല്ലാതെ ഒരെളുപ്പവുമില്ല. നീ ഉദ്ദേശിച്ചാൽ ഉറപ്പുള്ളതിനെ മാർദ്ദവമുള്ളതാക്കുന്നവനാണല്ലോ. "

കാര്യങ്ങൾ പ്രയാസകരമായാൽ അത് ലഘൂകരിക്കുന്നതിന് വേണ്ടിയുള്ള പ്രാർത്ഥന

## 9

«اللَّهُمَّ إِنِّي أَسْأَلُكَ الْهُدَى وَالتُّقَى، وَالْعَفَافَ وَالْغِنَى»

"അല്ലാഹുവെ നിന്നോട് ഞാൻ സന്മാർഗവും തഖ്‌വയും ചാരിത്ര്യവും ഐശ്വര്യവും ചോദിക്കുന്നു"

## 10

«اللَّهُمَّ اهْدِنِي، وَسَدِّدْنِي»

"അല്ലാഹുവെ എന്നെ സന്മാർഗത്തിലാക്കുകയും എന്റെ മാർഗം നന്നാക്കി തരികയും ചെയ്യേണമേ"

11

«اللَّهُمَّ أَصْلِحْ لِي دِينِي الَّذِي هُوَ عِصْمَةُ أَمْرِي، وَأَصْلِحْ لِي دُنْيَايَ الَّتِي فِيهَا مَعَاشِي، وَأَصْلِحْ لِي آخِرَتِي الَّتِي فِيهَا مَعَادِي، وَاجْعَلِ الْحَيَاةَ زِيَادَةً لِي فِي كُلِّ خَيْرٍ، وَاجْعَلِ الْمَوْتَ رَاحَةً لِي مِنْ كُلِّ شَرٍّ»

" അല്ലാഹുവെ, എന്റെ രക്ഷാ കവചമായ എന്റെ ദീനിനെ നീ നന്നാക്കിത്തരേണമേ, എന്റെ ഉപജീവനം നിലകൊള്ളുന്ന എന്റെ ഇഹലോകവും നീ എനിക്ക് നന്നാക്കി തരേണമേ, എന്റെ ലക്ഷ്യസ്ഥാനം നിലകൊള്ളുന്ന എന്റെ ആഖിറവും

നീ എനിക്ക് നന്നാക്കി തരേണമേ, ജീവിതത്തെ ഗുണസമ്പൂർണമാക്കി തരേണമേ, മരണത്തെ എല്ലാ തിന്മകളിൽ നിന്നുമുള്ള മുക്തിയും ആക്കേണമേ"

12

«اللَّهُمَّ إِنَّكَ عُفُوٌّ تُحِبُّ الْعَفْـوَ فَاعْفُ عَنِّي»

"അല്ലാഹുവെ നീ വിട്ടുവീഴ്ച ചെയ്യുന്നവനാണ്, വിട്ടു വീഴ്ചയെ നീ ഇഷ്ടപ്പെടുകയും ചെയ്യുന്നു, അതിനാൽ നീ എനിക്ക് വിട്ടുവീഴ്ച ചെയ്യേണമേ"

13

«اللَّهُمَّ اقْسِمْ لَنَا مِنْ خَشْيَتِكَ مَا يَحُولُ بَيْنَنَا وَبَيْنَ مَعَاصِيكَ، وَمِنْ طَاعَتِكَ مَا تُبَلِّغُنَا بِهِ جَنَّتَكَ، وَمِنَ الْيَقِينِ مَا تُهَوِّنُ بِهِ عَلَيْنَا مُصِيبَاتِ الدُّنْيَا، وَمَتِّعْنَا بِأَسْمَاعِنَا وَأَبْصَارِنَا وَقُوَّتِنَا مَا أَحْيَيْتَنَا، وَاجْعَلْهُ الْوَارِثَ مِنَّا، وَاجْعَلْ ثَأْرَنَا عَلَى مَنْ ظَلَمَنَا، وَانْصُرْنَا عَلَى مَنْ عَادَانَا، وَلاَ تَجْعَلْ مُصِيبَتَنَا فِي دِينِنَا، وَلاَ تَجْعَلِ الدُّنْيَا أَكْبَرَ هَمِّنَا وَلاَ مَبْلَغَ عِلْمِنَا، وَلاَ تُسَلِّطْ عَلَيْنَا مَنْ لاَ يَرْحَمُنَا»

" അല്ലാഹുവെ, ഞങ്ങൾക്കും നിന്നെ ധിക്കരിക്കുന്നതിനുമിടയിൽമറയിടുന്ന വിധമുള്ള ഭയഭക്തി നൽകിയും ഞങ്ങളെ സ്വർഗത്തിലെത്തിക്കും വിധം നിന്നോട് കീഴ്വണക്കമുള്ളവരാക്കിയും ഐഹിക ജീവിതത്തിലെ പരീക്ഷണങ്ങൾ നിസാരമാക്കുന്ന ദൃഢവിശ്വാസം പ്രധാനം ചെയ്തും ഞങ്ങളെ കടാക്ഷിക്കേണേ, അല്ലാഹുവെ ഞങ്ങളെ നീ ജീവിപ്പിക്കുന്ന കാലമത്രയും ഞങ്ങളുടെ കേൾവിയും കാഴ്ചയും ആരോഗ്യവുമെല്ലാം പ്രയോജനപ്രദമാക്കുകയും അവയെ ഞങ്ങളുടെ അനന്തരമാക്കുകയും ചെയ്യേണമേ, ഞങ്ങളെ

അക്രമിച്ചവരോട് ഞങ്ങളുടെ പ്രതികാരമെടുക്കേണമേ, ഞങ്ങളെ ദ്രോഹിച്ചവർക്കെതിരെ ഞങ്ങളെ നീ സഹായിക്കേണമേ, ഞങ്ങളുടെ മതകാര്യത്തിൽ ഞങ്ങൾക്ക് ഒരു പരീക്ഷണവും നൽകരുതേ, ഐഹിക ജീവിതത്തെ ഞങ്ങളുടെ മുഖ്യ ചിന്തയോ അറിവിന്റെ ലക്ഷ്യമോ ആക്കരുതേ, ഞങ്ങളോട് കനിവ് കാണിക്കാത്തവർക്ക ഞങ്ങളുടെ മേൽ ആധിപത്യം നൽകരുതേ"

## 14

«رَبِّ أَعِنِّي وَلاَ تُعِنْ عَلَيَّ، وَانْصُرْنِي وَلاَ تَنْصُرْ عَلَيَّ، وَامْكُرْ لِي وَلاَ تَمْكُرْ عَلَيَّ، وَاهْدِنِي وَيَسِّرِ الهُدَى لِي، وَانْصُرْنِي عَلَى مَنْ بَغَى عَلَيَّ، رَبِّ اجْعَلْنِي لَكَ شَكَّارًا، لَكَ ذَكَّارًا، لَكَ رَهَّابًا، لَكَ مِطْوَاعًا، لَكَ مُخْبِتًا، إِلَيْكَ أَوَّاهًا مُنِيبًا، رَبِّ تَقَبَّلْ تَوْبَتِي، وَاغْسِلْ حَوْبَتِي، وَأَجِبْ دَعْوَتِي، وَثَبِّتْ حُجَّتِي، وَسَدِّدْ لِسَانِي، وَاهْدِ قَلْبِي، وَاسْلُلْ سَخِيمَةَ صَدْرِي».

" എന്റെ രക്ഷിതാവേ എന്നെ നീ സഹായിക്കേണമേ, എനിക്കെതിരെ

നീ സഹായിക്കല്ലേ, എന്നെ നീ വിജയിപ്പിക്കേണമേ, എനിക്കെതിരെ നീ വിജയം നൽകരുതേ, എനിക്ക് വേണ്ടി നീ തന്ത്രം പ്രയോഗിക്കേണമേ, എനിക്കെതിരെ നീ തന്ത്രം പ്രയോഗിക്കരുതേ, എന്നെ സന്മാർഗത്തിലാക്കുകയും സന്മാർഗം എനിക്ക് എളുപ്പമാക്കി തരികയും ചെയ്യേണമേ, എന്നോട് അതിക്രമം കാണിച്ചവരുടെ മേൽ എന്നെ നീ സഹായിക്കേണമേ, നിനക്ക് ഏറ്റവും നന്ദി ചെയ്യുന്നവരുടെ കൂട്ടത്തിലും നിന്നെ നന്നായി സ്മരിക്കുന്നവരുടെ കൂട്ടത്തിലും നിന്നെ നന്നായി ഭയപ്പെടുന്നവരുടെ കൂട്ടത്തിലും നിനക്ക് കീഴ്പ്പെടുന്നവരുടെ കൂട്ടത്തിലും

നിന്നെ സൂക്ഷിച്ച് ജീവിക്കുന്നവരുടെ കൂട്ടത്തിലും നിന്നിലേക്ക് ഭക്തിയോട് കൂടി മടങ്ങുന്നവരുടെ കൂട്ടത്തിലും നീ എന്നെ ആക്കേണമേ. നാഥാ, എന്റെ പശ്ചാത്താപം നീ സ്വീകരിക്കേണമേ, എന്റെ പാപം കഴുകി കളയേണമേ, എന്റെ പ്രാർത്ഥനക്ക് ഉത്തരം ചെയ്യേണമേ, എന്റെ ന്യായത്തിന് സ്ഥിരത നൽകേണമേ, എന്റെ നാവിനെ ശരിപ്പെടുത്തേണമേ, എന്റെ ഹൃദയത്തിന് മാർഗദർശനം നൽകേണമേ, എന്റെ ഹൃദയത്തിലെ വിദ്വേഷം നീക്കിക്കളയേണമേ"

15

«اللَّهُمَّ إِنِّي أَسْأَلُكَ فِعْلَ الْخَيْرَاتِ، وَتَرْكَ الْمُنْكَرَاتِ، وَحُبَّ الْمَسَاكِينِ، وَأَنْ تَغْفِرَ لِي وَتَرْحَمَنِي، وَإِذَا أَرَدْتَ فِتْنَةً فِي قَوْمٍ فَتَوَفَّنِي غَيْرَ مَفْتُونٍ، وَأَسْأَلُكَ حُبَّكَ وَحُبَّ مَنْ يُحِبُّكَ، وَحُبَّ عَمَلٍ يُقَرِّبُ إِلَى حُبِّكَ»

"അല്ലാഹുവെ സൽകർമ്മം പ്രവർത്തിക്കാനും തിന്മകൾ ഉപേക്ഷിക്കുവാനും അഗതികളെ സ്നേഹിക്കാനും നീ എനിക്ക് ഉദവി നൽകേണമേ, എനിക്ക് നീ പൊറുത്ത് തരികയും എന്നോട് കാരുണ്യം കാണിക്കുകയും ചെയ്യേണമേ, നീ ഒരു

സമൂഹത്തിൽ ഒരു ഫിത്ന (കുഴപ്പം) ഉദ്ദേശിച്ചാൽ അതിൽ അകപ്പെടാതെ നീ എന്നെ മരിപ്പിക്കേണമേ, അല്ലാഹുവെ നിന്നെ ഇഷ്ടപ്പെടാനും നിന്നെ സ്നേഹിക്കുന്നവരെ ഇഷ്ടപ്പെടാനും നിന്റെ ഇഷ്ടത്തിലേക്ക് എന്നെ അടുപ്പിക്കുന്ന എല്ലാ കർമങ്ങളെയും സ്നേഹിക്കുവാനും എന്നെ അനുഗ്രഹിക്കേണമേ"

നബി(സ) ഈ പ്രാർത്ഥനയെ കുറിച്ച് പറഞ്ഞു: "ഇത് സത്യമാണ്, നിങ്ങൾ ഇത് പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുക"

16

«اللَّهُمَّ إِنِّي أَسْأَلُكَ الثَّبَاتَ فِي الْأَمْرِ، وَالْعَزِيمَةَ عَلَى الرُّشْدِ، وَأَسْأَلُكَ مُوجِبَاتِ رَحْمَتِكَ، وَعَزَائِمَ مَغْفِرَتِكَ، وَأَسْأَلُكَ شُكْرَ نِعْمَتِكَ، وَحُسْنَ عِبَادَتِكَ، وَأَسْأَلُكَ قَلْبًا سَلِيمًا، وَلِسَانًا صَادِقًا، وَأَسْأَلُكَ مِنْ خَيْرِ مَا تَعْلَمُ، وَأَعُوذُ بِكَ مِنْ شَرِّ مَا تَعْلَمُ، وَأَسْتَغْفِرُكَ لِمَا تَعْلَمُ، إِنَّكَ أَنْتَ عَلَّامُ الْغُيُوبِ»

"അല്ലാഹുവെ കാര്യങ്ങളിൽ നീ എനിക്ക് സ്ഥിരത നൽകേണമേ, നേരായ വഴിയിലൂടെ പോകാനുള്ള

ദൃഢത നീ എനിക്ക് നൽകേണമേ, നിന്റെ അനുഗ്രഹങ്ങൾ നിർബന്ധമാക്കുന്ന കാര്യങ്ങൾ നിന്നോട് ഞാൻ ചോദിക്കുന്നു, നിന്നിൽ നിന്നുള്ള പാപമോചനം നിർബന്ധമാകാനുള്ള കാര്യങ്ങളും നിന്നോട് ഞാൻ ചോദിക്കുന്നു, നിന്റെ അനുഗ്രഹങ്ങൾക്ക് നന്ദി കാണിക്കാനും നല്ല രീതിയിൽ നിന്നെ ആരാധിക്കാനുമുള്ള സാഹചര്യവും നിന്നോട് ഞാൻ ചോദിക്കുന്നു, ശാന്തമായ ഹൃദയവും സത്യസന്ധമായ നാവും നിന്നോട് ഞാൻ ചോദിക്കുന്നു, നീ അറിയുന്ന നന്മകൾ ഞാൻ നിന്നോട് ചോദിക്കുന്നു, നീ അറിയുന്ന തിന്മകളെ തൊട്ട് നിന്നോട് ഞാൻ കാവലിനെ തേടുന്നു.

നിനക്ക് അറിയുന്ന കാര്യങ്ങളിൽ നിന്നോട് ഞാൻ പൊറുക്കലിനെ തേടുന്നു, നീയാണ് അദൃശ്യങ്ങൾ അറിയുന്നവൻ"

സ്വർണ , വെള്ളി നിധിയേക്കാൾ നല്ലതാണ് ഈ പ്രാർത്ഥന എന്ന് ഹദീസിൽ കാണാം

17

«اللَّهُمَّ اهْدِنِي فِيمَنْ هَدَيْتَ، وَعَافِنِي فِيمَنْ عَافَيْتَ، وَتَوَلَّنِي فِيمَنْ تَوَلَّيْتَ، وَبَارِكْ لِي فِيمَا أَعْطَيْتَ، وَقِنِي شَرَّ مَا قَضَيْتَ، إِنَّكَ تَقْضِي وَلَا يُقْضَى عَلَيْكَ، إِنَّهُ لَا يَذِلُّ مَنْ وَالَيْتَ، وَلَا يَعِزُّ مَنْ عَادَيْتَ، تَبَارَكْتَ رَبَّنَا وَتَعَالَيْتَ»

"അല്ലാഹുവേ, നീ സൻമാർഗ്ഗത്തിലാക്കിയരോടൊപ്പം എന്നെയും സൻമാർഗ്ഗത്തിലാക്കേണമേ. നീ സുഖം നൽകിയവരോടൊപ്പം എനിക്കും സുഖം നൽകേണ മേ. നീ

സംരക്ഷണം ഏറ്റെടുത്തവരോടൊപ്പം എന്നെയും പരിരക്ഷിക്കേണമേ. നീ നൽകിയതിൽ എനിക്ക് അനുഗ്രഹം ചെയ്യേണമേ. നീ വിധിച്ചതിന്റെ നാശത്തിൽ നിന്ന് എന്നെ കാക്കേണമേ. നീ വിധിക്കുന്നു. നിനക്കെതിരെ വിധിക്കുകയില്ല. നീ ആദരിച്ചവർ നിന്ദ്യരാവുകയില്ല. നീ കോപിക്കുന്നവർ പ്രതാപിയാകുകയില്ല ഞങ്ങളുടെ നാഥാ നീ അനുഗ്രഹീതനും ഉന്നതനുമായിരിക്കുന്നു. "

## 18

«اللَّهُمَّ بِعِلْمِكَ الْغَيْبَ، وَقُدْرَتِكَ عَلَى الْخَلْقِ، أَحْيِنِي مَا عَلِمْتَ الْحَيَاةَ خَيْرًا لِي، وَتَوَفَّنِي إِذَا عَلِمْتَ الْوَفَاةَ خَيْرًا لِي، وَأَسْأَلُكَ خَشْيَتَكَ فِي الْغَيْبِ وَالشَّهَادَةِ، وَكَلِمَةَ الْإِخْلَاصِ فِي الرِّضَا وَالْغَضَبِ، وَأَسْأَلُكَ نَعِيمًا لَا يَنْفَدُ، وَقُرَّةَ عَيْنٍ لَا تَنْقَطِعُ، وَأَسْأَلُكَ الرِّضَاءَ بِالْقَضَاءِ، وَبَرْدَ الْعَيْشِ بَعْدَ الْمَوْتِ، وَلَذَّةَ النَّظَرِ إِلَى وَجْهِكَ، وَالشَّوْقَ إِلَى لِقَائِكَ، وَأَعُوذُ بِكَ مِنْ ضَرَّاءَ مُضِرَّةٍ، وَفِتْنَةٍ مُضِلَّةٍ، اللَّهُمَّ زَيِّنَّا بِزِينَةِ الْإِيمَانِ، وَاجْعَلْنَا هُدَاةً مُهْتَدِينَ»

"അല്ലാഹുവേ, നിന്റെ അദൃശ്യജ്ഞാനവും സൃഷ്ടികളുടെ മേലുള്ള നിന്റെ കഴിവും കൊണ്ട് ജീവിതമാണെനിക്ക് ഉത്തമമെന്ന് നീ അറിയുന്നേടത്തോളം എന്നെ ജീവിപ്പിക്കേണമേ! മരണമാണെനിക്ക് ഉത്തമമെങ്കിൽ എന്നെ മരിപ്പിക്കുകയും ചെയ്യേണമേ! അല്ലാഹുവേ, (ജനങ്ങളുടെ) സാന്നിദ്ധ്യത്തിലും അസാന്നിദ്ധ്യത്തിലും നിന്നോടുള്ള ഭക്തി ഞാൻ ചോദിക്കുന്നു. തീർന്നുപോകാത്ത അനുഗ്രഹവും മുറിഞ്ഞുപോകാ ത്ത ആനന്ദവും നിന്നോട് ഞാൻ ചോദിക്കുന്നു. വിധിക്കുശേഷം അതിൽ തൃപ്തിയും

മരണാനന്തരം ജീവിത സൗഖ്യവും നിന്നോട് ചോദിക്കുന്നു. നിന്നെ കാണാനുള്ള അഭിവാഞ്ചയും നിന്റെ മുഖദർശന സൗഖ്യവും നിന്നോട് ഞാൻ ചോദിക്കുന്നു. ഉപദ്രവകരമായ പ്രയാസങ്ങളിൽ നിന്നും വഴികേടിൽ നിന്നും നിന്നോട് ഞാൻ രക്ഷ തേടുന്നു, അല്ലാഹുവേ,ഈമാനിന്റെ സൗന്ദര്യം കൊണ്ട് ഞങ്ങളെ അലങ്കരിക്കുകയും സൽപാത പ്രാപിച്ച മാർഗ്ഗദർശികളാക്കുകയും ചെയ്യേണമേ! "

19

«اللَّهُمَّ إِنِّي أَسْأَلُكَ الْعَافِيَةَ فِي الدُّنْيَا وَالْآخِرَةِ، اللَّهُمَّ أَسْأَلُكَ الْعَفْوَ وَالْعَافِيَةَ فِي دِينِي وَدُنْيَايَ وَأَهْلِي وَمَالِي، اللَّهُمَّ اسْتُرْ عَوْرَاتِي، وَآمِنْ رَوْعَاتِي، اللَّهُمَّ احْفَظْنِي مِنْ بَيْنِ يَدَيَّ، وَمِنْ خَلْفِي، وَعَنْ يَمِينِي، وَعَنْ شِمَالِي، وَمِنْ فَوْقِي، وَأَعُوذُ بِعَظَمَتِكَ أَنْ أُغْتَالَ مِنْ تَحْتِي»

"അല്ലാഹുവേ, ഇഹത്തിലും പരത്തിലും സൗഖ്യം നിന്നോട് ഞാൻ ചോദിക്കുന്നു. അല്ലാഹുവേ എന്റെ മത കാര്യത്തിലുംഐഹിക ജീവിതത്തിലും കുടുംബത്തിലും

ധനത്തിലും സൗഖ്യവും മാപ്പും നിന്നോട് ഞാൻ ചോദിക്കുന്നു. അല്ലാഹുവേ, എന്റെ രഹസ്യങ്ങൾ നീ മറച്ചുവെക്കുകയും ഭീതികളിൽ നിന്ന് എനിക്ക് മോചനം നൽകുകയും ചെയ്യേണമേ! അല്ലാഹുവേ, എന്റെ മുന്നിലൂടെയും പിന്നിലൂടെയും വലതു ഭാഗത്തിലൂടെയും ഇടതു ഭാഗത്തിലൂടെയും മുകളിലൂടെയും എന്നെ പരിരക്ഷിക്കേണമേ! താഴ്ഭാഗത്തിലൂടെ ഞാൻ വഞ്ചിക്കപ്പെടുന്നതിൽ നിന്ന് നിന്റെ മഹത്വം കൊണ്ട് ഞാൻ അഭയം തേടുന്നു. "

صحيح الدعاء والثناء على الله تعالى

# നബി(സ)യുടെ ശരണ തേട്ട പ്രാർത്ഥനകൾ



അടുത്തത്

ഒന്നാം പേജിലേക് മടങ്ങുക

1

«اللَّهُمَّ إِنِّي أَعُوذُ بِكَ مِنْ شَرِّ مَا عَمِلْتُ وَشَرِّ مَا لَمْ أَعْمَلْ»

"അല്ലാഹുവെ, ഞാൻ പ്രവർത്തിച്ചതിന്റെയും പ്രവർത്തിക്കാത്തതിന്റെയും തിന്മകളിൽ നിന്ന് ഞാൻ നിന്നോട് രക്ഷ തേടുന്നു"

നബി(സ) ധാരാളമായി പ്രാർത്ഥിച്ചിരുന്ന പ്രാർത്ഥന

2

«اللَّهُمَّ إِنِّي أَعُوذُ بِكَ أَنْ أُشْرِكَ بِكَ وَأَنَا أَعْلَمُ، وَأَسْتَغْفِرُكَ لِمَا لَا أَعْلَمُ»

"അല്ലാഹുവെ, ഞാൻ അറിഞ്ഞു കൊണ്ട് നിന്നോട് പങ്ക് ചേർക്കുന്നതിനെ തൊട്ട് ഞാൻ നിന്നോട് രക്ഷ തേടുന്നു, അറിയാതെ ഞാനത് ചെയ്യുന്നതിനെ തൊട്ട് ഞാൻ നിന്നോട് പൊറുക്കലിനെ തേടുന്നു"

ഈ പ്രാർത്ഥന ലോകമാന്യത ഇല്ലാതാക്കി തീർക്കും

3

«اللَّهُمَّ إِنِّي أَعُوذُ بِكَ مِنْ زَوَالِ نِعْمَتِكَ، وَتَحَوُّلِ عَافِيَتِكَ، وَفُجَاءَةِ نِقْمَتِكَ، وَجَمِيعِ سَخَطِكَ»

"അല്ലാഹുവെ, നിന്റെ അനുഗ്രഹങ്ങൾ നീങ്ങിപ്പോകുന്നതിൽ നിന്നും, നീ നൽകിയ സൗഖ്യം (എന്നിൽ നിന്നും) തിരിച്ചു വിടുന്നതിൽ നിന്നും, പൊടുന്നനെയുള്ള നിന്റെ ശിക്ഷയിൽ നിന്നും നിന്റെ മുഴുവൻ കോപത്തിൽ നിന്നും ഞാൻ നിന്നോട് രക്ഷ തേടുന്നു"

## 4

«اللَّهُمَّ إِنِّي أَعُوذُ بِكَ مِنْ مُنْكَرَاتِ الأَخْلاَقِ، وَالأَعْمَالِ، وَالأَهْوَاءِ، وَالْأَدْوَاءِ»

"അല്ലാഹുവെ, വെറുക്കപ്പെട്ട സ്വഭാവത്തിൽ നിന്നും, പ്രവർത്തനങ്ങളിൽ നിന്നും ചിന്തകളിൽ നിന്നും രോഗങ്ങളിൽ നിന്നും നിന്നോട് ഞാൻ രക്ഷ തേടുന്നു"

5

«اللَّهمَّ إنِّي أَعُوْذُ بِكَ مِنْ جَهْدِ البَلاَءِ، وَدَرَكِ الشَّقَاءِ، وَسُوءِ الْقَضَاءِ، وَشَمَاتَةِ الأَعْدَاءِ»

"അല്ലാഹുവെ, പരീക്ഷണങ്ങൾ കഠിനമാകുന്നതിൽ നിന്നും, ദുരിതംങ്ങൾ ബാധിക്കുന്നതിൽ നിന്നും, ചീത്തയായ വിധിയിൽ നിന്നും, (ഞാൻ കാരണം) ശത്രുക്കൾ സന്തോഷിക്കുന്നതിൽ നിന്നും ഞാൻ നിന്നോട് രക്ഷ തേടുന്നു"

6

«اللَّهُمَّ إِنِّي أَعُوذُ بِكَ مِنَ الْعَجْزِ، وَالْكَسَلِ، وَالْجُبْنِ، وَالْبُخْلِ، وَالْهَرَمِ، وَعَذَابِ الْقَبْرِ اللَّهُمَّ آتِ نَفْسِي تَقْوَاهَا، وَزَكِّهَا أَنْتَ خَيْرُ مَنْ زَكَّاهَا، أَنْتَ وَلِيُّهَا وَمَوْلَاهَا، اللَّهُمَّ إِنِّي أَعُوذُ بِكَ مِنْ عِلْمٍ لَا يَنْفَعُ، وَمِنْ قَلْبٍ لَا يَخْشَعُ، وَمِنْ نَفْسٍ لَا تَشْبَعُ، وَمِنْ دَعْوَةٍ لَا يُسْتَجَابُ لَهَا»

"അല്ലാഹുവെ, അശക്തതയിൽ നിന്നും മടിയിൽ നിന്നും ഭീരുത്വത്തിൽ നിന്നും പിശുക്കിൽ നിന്നും വാർദ്ധക്യക്ഷീണത്തിൽ നിന്നും നരക ശിക്ഷയിൽ നിന്നും

നിന്നോട് ഞാൻ രക്ഷ തേടുന്നു. അല്ലാഹുവെ, എന്റെ മനസിന് നീ ഭക്തി നൽകുകയും അതിനെ നീ സംസ്കരിക്കുകയും ചെയ്യേണമേ, നീ ആണല്ലോ ഏറ്റവും നല്ല നിലയിൽ സംസ്കരിക്കുന്നവൻ, നീ ആണല്ലോ അതിന്റെ രക്ഷാധികാരിയും ഉടമസ്ഥനും. അല്ലാഹുവെ, ഉപകാരമില്ലാത്ത അറിവിൽ നിന്നും ഭയഭക്തിയില്ലാത്ത ഹൃദയത്തെ തൊട്ടും ആർത്തിയടങ്ങാത്ത മനസ്സിനെ തൊട്ടും ഉത്തരം ലഭിക്കാത്ത പ്രാർത്ഥനയെ തൊട്ടും ഞാൻ നിന്നോട് രക്ഷ തേടുന്നു"

7

«اللَّهُمَّ إِنِّي أَعُوذُ بِكَ مِنَ الهَمِّ وَالحَزَنِ، وَالعَجْزِ وَالكَسَلِ، وَالبُخْلِ وَالجُبْنِ، وَضَلَعِ الدَّيْنِ، وَغَلَبَةِ الرِّجَالِ»

"അല്ലാഹുവെ, ദുഃഖത്തിൽ നിന്നും വ്യസനത്തിൽ നിന്നും അശക്തതയിൽ നിന്നും മടിയിൽ നിന്നും ഭീരുത്വത്തിൽ നിന്നും പിശുക്കിൽ നിന്നും കടം അധികരിക്കുന്നതിൽ നിന്നും ആളുകൾ അതിജയിക്കുന്നതിൽ നിന്നും നിന്നോട് ഞാൻ രക്ഷ തേടുന്നു."

8

«اللَّهُمَّ إِنِّي أَعُوذُ بِكَ مِنْ شَرِّ سَمْعِي، وَمِنْ شَرِّ بَصَرِي، وَمِنْ شَرِّ لِسَانِي، وَمِنْ شَرِّ قَلْبِي، وَمِنْ شَرِّ مَنِيِّي»

"അല്ലാഹുവെ, എന്റെ കേൾവിയുടെ തിന്മയിൽ നിന്നും കാഴ്ചയുടെ തിന്മയിൽ നിന്നും നാവിന്റെ തിന്മയിൽ നിന്നും ഹൃദയത്തിന്റെ തിന്മയിൽ നിന്നും ഇന്ദ്രിയത്തിന്റെ തിന്മയിൽ നിന്നും നിന്നോട് ഞാൻ രക്ഷ തേടുന്നു."

## 9

«اللَّهُمَّ إِنِّي أَعُوذُ بِكَ مِنْ فِتْنَةِ النَّارِ وَمِنْ عَذَابِ النَّارِ، وَأَعُوذُ بِكَ مِنْ فِتْنَةِ الْقَبْرِ، وَأَعُوذُ بِكَ مِنْ عَذَابِ الْقَبْرِ، وَأَعُوذُ بِكَ مِنْ فِتْنَةِ الغِنَى، وَأَعُوذُ بِكَ مِنْ فِتْنَةِ الفَقْرِ، وَأَعُوذُ بِكَ مِنْ فِتْنَةِ المَسِيحِ الدَّجَّالِ»

"അല്ലാഹുവെ, നരകത്തിന്റെ കുഴപ്പങ്ങളിൽ നിന്നും അതിലെ ശിക്ഷയിൽ നിന്നും നിന്നോട് ഞാൻ രക്ഷ തേടുന്നു. ഖബ്റിലെ കുഴപ്പങ്ങളിൽ നിന്നും നിന്നോട് ഞാൻ രക്ഷ തേടുന്നു, ഖബ്റിലെ ശിക്ഷയിൽ നിന്നും നിന്നോട് ഞാൻ

രക്ഷ തേടുന്നു, നിന്നോട് ഞാൻ രക്ഷ തേടുന്നു, ഐശ്വര്യത്തിന്റെ കുഴപ്പങ്ങളിൽ നിന്നും നിന്നോട് ഞാൻ രക്ഷ തേടുന്നു, ദാരിദ്ര്യത്തിന്റെ കുഴപ്പങ്ങളിൽ നിന്നും നിന്നോട് ഞാൻ രക്ഷ തേടുന്നു, മസീഹ് ദാജ്ജാലിന്റെ കുഴപ്പങ്ങളിൽ നിന്നും നിന്നോട് ഞാൻ രക്ഷ തേടുന്നു."

10

«اللَّهُمَّ إِنِّي أَعُوذُ بِعِزَّتِكَ، لَا إِلَهَ إِلَّا أَنْتَ، أَنْ تُضِلَّنِي، أَنْتَ الْحَيُّ الَّذِي لَا يَمُوتُ، وَالْجِنُّ وَالْإِنْسُ يَمُوتُونَ»

"അല്ലാഹുവെ, എന്നെ വഴി തെറ്റിക്കപ്പെടുന്നതിൽ നിന്നും നിന്റെ പ്രതാപം കൊണ്ട് ഞാൻ നിന്നോട് രക്ഷ തേടുന്നു, നീ അല്ലാതെ ആരാധനക്കർഹനില്ല, നീ മരിക്കാതെ എന്നെന്നും ജീവിച്ചിരിക്കുന്നവനാണ്, ജിന്നുകളും മനുഷ്യരുമാകട്ടെ മരിച്ചു പോകുന്നവരുമാണ്"

## 11

«اللَّهُمَّ إِنِّي أَعُوذُ بِكَ مِنَ الْبَرَصِ، وَالْجُنُونِ، وَالْجُذَامِ، وَمِنْ سَيِّئِ الْأَسْقَامِ»

" അല്ലാഹുവെ, വെള്ളപ്പാണ്ടിൽ നിന്നും ഭ്രാന്തിൽ നിന്നും കുഷ്ഠത്തിൽ നിന്നും എല്ലാ ചീത്ത രോഗങ്ങളിൽ നിന്നും ഞാൻ നിന്നോട് രക്ഷ തേടുന്നു"

## 12

«اللَّهُمَّ إِنِّي أَعُوذُ بِكَ مِنْ يَوْمِ السَّوْءِ، وَمِنْ لَيْلَةِ السَّوْءِ، وَمِنْ سَاعَةِ السَّوْءِ، وَمِنْ صَاحِبِ السَّوْءِ، وَمِنْ جَارِ السَّوْءِ فِي دَارِ الْمُقَامَةِ»

" അല്ലാഹുവെ, ചീത്ത ദിവസത്തിൽ നിന്നും ചീത്ത രാത്രിയിൽ നിന്നും ചീത്ത സമയത്തിൽ നിന്നും ചീത്ത കൂട്ടുകാരനിൽ നിന്നും നിത്യ താമസ സ്ഥലത്തെ ചീത്ത അയൽവാസിയിൽ നിന്നും നിന്നോട് ഞാൻ രക്ഷ തേടുന്നു"

## 13

«أَعُوذُ بِاللهِ مِنَ الْفِتَنِ، مَا ظَهَرَ مِنْهَا وَمَا بَطَنَ»

"അല്ലാഹുവെ, പ്രത്യക്ഷവും പരോക്ഷവുമായ എല്ലാ കുഴപ്പങ്ങളിൽ നിന്നും ഞാൻ നിന്നോട് രക്ഷ തേടുന്നു"

صحيح الدعاء والثناء على الله تعالى

# രോഗശമന മന്ത്രങ്ങൾ



അടുത്തത്

ഒന്നാം പേജിലേക് മടങ്ങുക

## 1

സൂറത്തുൽ ഫാതിഹ 7 തവണ പാരായണം ചെയ്യുക

﴿أَعُوذُ بِاللَّهِ مِنَ الشَّيْطَانِ الرَّجِيمِ، بِسْمِ ٱللَّهِ ٱلرَّحْمَٰنِ ٱلرَّحِيمِ ﴿١﴾ ٱلْحَمْدُ لِلَّهِ رَبِّ ٱلْعَٰلَمِينَ ﴿٢﴾ ٱلرَّحْمَٰنِ ٱلرَّحِيمِ ﴿٣﴾ مَٰلِكِ يَوْمِ ٱلدِّينِ ﴿٤﴾ إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِينُ ﴿٥﴾ ٱهْدِنَا ٱلصِّرَٰطَ ٱلْمُسْتَقِيمَ ﴿٦﴾ صِرَٰطَ ٱلَّذِينَ أَنْعَمْتَ عَلَيْهِمْ غَيْرِ ٱلْمَغْضُوبِ عَلَيْهِمْ وَلَا ٱلضَّآلِّينَ ﴿٧﴾﴾ [الفاتحة:١-٧]

ആട്ടിയോടിക്കപ്പെട്ട പിശാചിൽ നിന്നും അല്ലാഹുവോട് ഞാൻ ശരണം തേടുന്നു.

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തില് .

സ്തുതി സര്വ്വലോക പരിപാലകനായ അല്ലാഹുവിന്നാകുന്നു.

പരമകാരുണികനും കരുണാനിധിയും.

പ്രതിഫല ദിവസത്തിന്റെ ഉടമസ്ഥന്.

നിന്നെ മാത്രം ഞങ്ങള് ആരാധിക്കുന്നു. നിന്നോട് മാത്രം ഞങ്ങള് സഹായം തേടുന്നു.

ഞങ്ങളെ നീ നേര്മാര്ഗത്തില്ചേര്ക്കേണമേ.

നീ അനുഗ്രഹിച്ചവരുടെ

മാര്ഗത്തില് . കോപത്തിന്ന് ഇരയായവരുടെ മാര്ഗത്തിലല്ല ,പിഴച്ചുപോയവരുടെ മാര്ഗത്തിലുമല്ല. (ആമീൻ)

2

## ആയത്തുൽ കുർസി ഒരു പ്രാവശ്യം പാരായണം ചെയ്യുക

ٱللَّهُ لَآ إِلَٰهَ إِلَّا هُوَ ٱلْحَىُّ ٱلْقَيُّومُ ۚ لَا تَأْخُذُهُۥ
سِنَةٌ وَلَا نَوْمٌ ۚ لَّهُۥ مَا فِى ٱلسَّمَٰوَٰتِ وَمَا فِى
ٱلْأَرْضِ ۗ مَن ذَا ٱلَّذِى يَشْفَعُ عِندَهُۥٓ إِلَّا بِإِذْنِهِۦ ۚ
يَعْلَمُ مَا بَيْنَ أَيْدِيهِمْ وَمَا خَلْفَهُمْ ۖ وَلَا يُحِيطُونَ

بِشَىْءٍ مِّنْ عِلْمِهِۦٓ إِلَّا بِمَا شَآءَ ۚ وَسِعَ كُرْسِيُّهُ
ٱلسَّمَٰوَٰتِ وَٱلْأَرْضَ ۖ وَلَا يَـُٔودُهُۥ حِفْظُهُمَا ۚ وَهُوَ
ٱلْعَلِىُّ ٱلْعَظِيمُ ﴿٢٥٥﴾ [البقرة:٢٥٥]

"അല്ലാഹു - അവനല്ലാതെ ദൈവമില്ല. എന്നെന്നും ജീവിച്ചിരിക്കുന്നവന്. എല്ലാം നിയന്ത്രിക്കുന്നവന്. മയക്കമോ ഉറക്കമോ അവനെ ബാധിക്കുകയില്ല. അവന്റെതാണ് ആകാശഭൂമികളിലുള്ളതെല്ലാം. അവന്റെഅനുവാദപ്രകാരമല്ലാതെ അവന്റെയടുക്കല് ശുപാര്ശ നടത്താനാരുണ്ട് ? അവരുടെ മുമ്പിലുള്ളതും അവര്ക്ക് പിന്നിലുള്ളതും അവന് അറിയുന്നു.

അവന്റെഅറിവില് നിന്ന് അവന് ഇച്ഛിക്കുന്നതല്ലാതെ (മറ്റൊന്നും) അവര്ക്ക് സൂക്ഷ്മമായി അറിയാന് കഴിയില്ല. അവന്റെഅധികാരപീഠം ആകാശഭൂമികളെ മുഴുവന് ഉള്കൊള്ളുന്നതാകുന്നു. അവയുടെ സംരക്ഷണം അവന്ന് ഒട്ടും ഭാരമുള്ളതല്ല. അവന് ഉന്നതനും മഹാനുമത്രെ." (സൂ. ബഖറ 255)

3

സൂറത്തുൽ ഇഖ്‌ലാസ്, സൂറത്തുൽ ഫലഖ് , സൂറത്തുൽ നാസ് ഓതുകയും ശേഷം കൈകളിൽ ഓതുകയും എന്നിട്ട് വേദന ഉള്ള ഭാഗത്ത് തടവുകയും ചെയ്യുക, ഇപ്രകാരം മൂന്ന് തവണ ചെയ്യുക.

﴿قُلْ هُوَ ٱللَّهُ أَحَدٌ ۝١ ٱللَّهُ ٱلصَّمَدُ ۝٢ لَمْ يَلِدْ وَلَمْ يُولَدْ ۝٣ وَلَمْ يَكُن لَّهُۥ كُفُوًا أَحَدٌۢ ۝٤﴾ [سورة الإخلاص]

"(നബിയേ,) പറയുക: കാര്യം അല്ലാഹു ഏകനാണ് എന്നതാകുന്നു. അല്ലാഹു ഏവര്‍ക്കും

ആശ്രയമായിട്ടുള്ളവനാകുന്നു.
അവന് (ആര്ക്കും) ജന്മം നല്കിയിട്ടില്ല. (ആരുടെയും സന്തതിയായി ) ജനിച്ചിട്ടുമില്ല.
അവന്ന് തുല്യനായി ആരും ഇല്ലതാനും"

﴿قُلۡ أَعُوذُ بِرَبِّ ٱلۡفَلَقِ ١ مِن شَرِّ مَا
خَلَقَ ٢ وَمِن شَرِّ غَاسِقٍ إِذَا وَقَبَ ٣ وَمِن
شَرِّ ٱلنَّفَّٰثَٰتِ فِي ٱلۡعُقَدِ ٤ وَمِن شَرِّ حَاسِدٍ
إِذَا حَسَدَ ٥﴾ [سورة الفلق]

"പറയുക: പുലരിയുടെ രക്ഷിതാവിനോട് ഞാന് ശരണം തേടുന്നു.

അവന് സൃഷ്ടിച്ചിട്ടുള്ളവയുടെ കെടുതിയില് നിന്ന്.

ഇരുളടയുമ്പോഴുള്ള രാത്രിയുടെ കെടുതിയില്നിന്നും.

കെട്ടുകളില് ഊതുന്ന സ്ത്രീകളുടെ കെടുതിയില്നിന്നും

അസൂയാലു അസൂയപ്പെടുമ്പോള് അവന്റെ കെടുതിയില്നിന്നും"

﴿قُلۡ أَعُوذُ بِرَبِّ ٱلنَّاسِ ١ مَلِكِ ٱلنَّاسِ ٢
إِلَٰهِ ٱلنَّاسِ ٣ مِن شَرِّ ٱلۡوَسۡوَاسِ ٱلۡخَنَّاسِ ٤
ٱلَّذِي يُوَسۡوِسُ فِي صُدُورِ ٱلنَّاسِ ٥ مِنَ ٱلۡجِنَّةِ
وَٱلنَّاسِ ٦﴾ [سورة الناس]

"പറയുക: മനുഷ്യരുടെ രക്ഷിതാവിനോട് ഞാന് ശരണം തേടുന്നു.

മനുഷ്യരുടെ രാജാവിനോട്.

മനുഷ്യരുടെ ദൈവത്തോട്.

ദുര്ബോധനം നടത്തി പിന്മാറിക്കളയുന്നവരെക്കൊണ്ടുള്ള കെടുതിയില് നിന്ന്.

മനുഷ്യരുടെ ഹൃദയങ്ങളില് ദുര്ബോധനം നടത്തുന്നവര്.

മനുഷ്യരിലും ജിന്നുകളിലും പെട്ടവര്."

4

«اللَّهُمَّ رَبَّ النَّاسِ أَذْهِبِ البَاسَ، اشْفِ أَنْتَ الشَّافِي، لاَ شِفَاءَ إِلَّا شِفَاؤُكَ، شِفَاءً لاَ يُغَادِرُ سَقَمًا»

"അല്ലാഹുവേ ജനങ്ങളുടെ രക്ഷിതാവേ, പ്രയാസങ്ങൾ പോക്കി കളയേണമേ, നീ ശമനം നൽകേണമേ നീയാണ് ശമനം നൽകുന്നവൻ, നിന്റെ ശമനമല്ലാതെ (വേറെയൊരു) ശമനവുമില്ല, ഒരു രോഗവും അവശേഷിക്കാത്ത ശമനം (നൽകേണമേ)"

വലത് കൈ കൊണ്ട് വേദനയുള്ള ഭാഗത്തോ രോഗിയുടെ മേലോ തടവുകയും ഈ പ്രാർത്ഥന ചൊല്ലുകയും ചെയ്യുക

5

«بِسْمِ اللّٰهِ، تُرْبَةُ أَرْضِنَا، بِرِيقَةِ بَعْضِنَا، يُشْفَى سَقِيمُنَا، بِإِذْنِ رَبِّنَا»

"അല്ലാഹുവിന്റെ നാമത്താലും ഭൂമിയിലെ മണ്ണ് കൊണ്ടും നമ്മുടെ ചിലരുടെ ഉമിനീരിനാലും നമ്മുടെ രക്ഷിതാവിന്റെ അനുമതിയാൽ രോഗം സുഖപ്പെടട്ടെ"

ഉമിനീർ തന്റെ വിരലിൽ ആക്കുകയും ശേഷം ആ വിരൽ മണ്ണിൽ വെക്കുകയും ശേഷം അത് കൊണ്ട് വേദനയോ മുറിവോ ഉള്ളിടത്ത് ഈ പ്രാർത്ഥന ചൊല്ലിക്കൊണ്ട് തടവുക

## 6

«بِاسْمِ اللّٰهِ» «أَعُوذُ بِاللّٰهِ وَقُدْرَتِهِ مِنْ شَرِّ مَا أَجِدُ وَأُحَاذِرُ»

(അല്ലാഹുവിന്റെ നാമത്തിൽ) "എന്നെ ബാധിച്ചതിന്റേയും ഞാൻ ഭയപ്പെടുന്നിന്റെയും വിഷമത്തിൽ നിന്ന് അല്ലാഹുവിലും അവന്റെ കഴിവിലും ഞാൻ അഭയം തേടുന്നു."

വേദനയുള്ള ഭാഗത്ത് കൈ വെക്കുകയും എന്നിട്ട് മൂന്ന് തവണ 'ബിസ്മില്ലാഹ്' എന്ന് പറയുകയും ചെയ്യുക, ശേഷം ഏഴ് തവണ മേൽ പറഞ്ഞ പ്രാർത്ഥന ചൊല്ലുക

7

«أَعُوذُ بِكَلِمَاتِ اللهِ التَّامَّةِ، مِنْ كُلِّ شَيْطَانٍ وَهَامَّةٍ، وَمِنْ كُلِّ عَيْنٍ لاَمَّةٍ»

"എല്ലാ പിശാചിൽ നിന്നും എല്ലാ വിഷജീവികളിൽ നിന്നും എല്ലാ ദുഷ്ട കണ്ണുകളിൽ നിന്നും അല്ലാഹ്വിന്റെ പരിപൂർണ്ണമായ വചനങ്ങളുടെ പേരിൽ ഞാൻ അഭയം തേടുന്നു."

8

«أَعُوذُ بِكَلِمَاتِ اللهِ التَّامَّاتِ مِنْ شَرِّ مَا خَلَقَ»

"അല്ലാഹുവിന്റെ സമ്പൂർണ്ണമായ വചനങ്ങൾ കൊണ്ട് അവൻ സൃഷ്ടിച്ചവയുടെ തിൻമയിൽ നിന്ന് ഞാൻ അഭയം തേടുന്നു."

## 9

«بِسْمِ اللَّهِ الَّذِي لَا يَضُرُّ مَعَ اسْمِهِ شَيْءٌ، فِي الْأَرْضِ، وَلَا فِي السَّمَاءِ، وَهُوَ السَّمِيعُ الْعَلِيمُ»

"അല്ലാഹുവിന്റെ നാമത്തിൽ (ഞാൻ പ്രാർത്ഥിക്കുന്നു) ആ നാമത്തോടൊപ്പം ഭൂമിയിലോ ആകാശത്തിലോ ഉള്ള ഒരു വസ്തുവും ഉപദ്രവിക്കുകയില്ല. അവൻ എല്ലാം കേൾക്കുന്നവനും അറിയുന്നവനുമാണ്. "

ഇത് മൂന്ന് തവണ ചൊല്ലുക

10

«بِاسْمِ اللهِ أَرْقِيكَ، مِنْ كُلِّ شَيْءٍ يُؤْذِيكَ، مِنْ شَرِّ كُلِّ نَفْسٍ أَوْ عَيْنِ حَاسِدٍ، اللهُ يَشْفِيكَ بِاسْمِ اللهِ أَرْقِيكَ»

" നിനക്ക് ഉപദ്രവമുണ്ടാക്കുന്ന എല്ലാ കാര്യങ്ങളിൽ നിന്നും എല്ലാ ശരീരത്തിന്റെയും അസൂയ കണ്ണുകളുടെയും തിന്മകളിൽ നിന്നും അല്ലാഹുവിന്റെ നാമത്തിൽ നിനക്ക് വേണ്ടി ഞാൻ മന്ത്രിക്കുന്നു, അല്ലാഹു നിനക്ക് ശമനം നൽകട്ടെ അല്ലാഹുവിന്റെ നാമത്തിൽ നിനക്ക് വേണ്ടി ഞാൻ മന്ത്രിക്കുന്നു."

11

«أَسْأَلُ اللهَ الْعَظِيمَ رَبَّ الْعَرْشِ الْعَظِيمِ أَنْ يَشْفِيَكَ»

"മഹത്തായ അർശിന്റെ നാഥനും മഹത്വമുള്ളവനുമായ അല്ലാഹുവോട് നിനക്ക് ശമനം നൽകാൻ ഞാൻ തേടുന്നു"

ഇങ്ങനെ ഏഴ് പ്രാവശ്യം പറയുക, സ്വന്തത്തിന് വേണ്ടി ആണ് പ്രാർത്ഥിക്കുന്നതെങ്കിൽ അവസാനത്തിൽ 'യശ്ഫീക' എന്നതിന് പകരമായി 'യശ്ഫീനീ (എനിക്ക് ശമനം നൽകാൻ)' എന്നാണ് പ്രാർത്ഥിക്കേണ്ടത്

# റുഖിയയിൽ ശ്രദ്ധിക്കേണ്ട ചില നിബന്ധനകളും നിർദേശങ്ങളും ഉണ്ട്.അവയിൽ പെട്ടതാണ്;

1

റുഖിയ പ്രമാണങ്ങളിൽ സ്ഥിരപ്പെട്ട് വന്നതും അതിന്റെ മാർഗങ്ങളും അതിലെ വാക്കുകളും ശിർക്കിൽ നിന്നും ബിദ്അത്തിൽ നിന്നും ഹറാമിൽ നിന്നും മുക്തവുമായിരിക്കണം.

2

ഒരു മുസ്‌ലിം തന്റെ രക്ഷിതാവിലേക്കാണ്

ബന്ധപ്പെട്ട് കിടക്കേണ്ടതും ഭരമേല്പിക്കേണ്ടതും, അതോടൊപ്പം റുഖിയ എന്നത് അല്ലാഹുവിന്റെ അനുമതി പ്രകാരമല്ലാതെ ഒരു സ്വാധീനവുമുണ്ടാക്കാൻ കഴിയാത്ത കേവലം ഒരു കാരണം മാത്രമാണെന്ന് അവൻ മനസ്സിലാക്കുകയും വേണം.

3

കേവലം ഒരു പരീക്ഷണാടിസ്ഥാനത്തിൽ റുഖിയ ചെയ്യരുത്. റുഖിയ ചെയ്യുന്നവനും ചെയ്യപ്പെടുന്നവനും അതിൽ ഫലപ്രാപ്തിയുണ്ടാകുമെന്ന് ഉറച്ച് വിശ്വസിക്കേണ്ടതാണ്.

4

പരിശുദ്ധ ഖുർആനിലെ എല്ലാ ആയത്തുകളും ശമനമാണ്, അല്ലാഹു പറയുന്നു:

﴿وَنُنَزِّلُ مِنَ ٱلْقُرْءَانِ مَا هُوَ شِفَآءٌ وَرَحْمَةٌ لِّلْمُؤْمِنِينَ﴾ [الإسراء:٨٢]

" സ ത ്യവ ി ശ ്വാ സ ി ക ള് ക്ക് ശമനവും കാരുണ്യവുമായിട്ടുള്ളത് ഖുര്ആനിലൂടെ നാം അവതരിപ്പിച്ച് ചുകൊണ്ടിരിക്കുന്നു." . അതിനാൽ ഖുർആൻ കൊണ്ട് റുഖിയ നടത്തുകയാണെങ്കിൽ അതാണ് ഉത്തമം.

5

രോഗി സ്വയം റുഖിയ നടത്തുന്നതാണ് ഏറ്റവും ഉത്തമം, സ്വന്തം ആവശ്യം തന്റെ റബ്ബിന് മുന്നിൽ പ്രകടിപ്പിക്കുന്നത് കൊണ്ട് തന്നെ അതാണ് ഏറ്റവും സത്യസന്ധവും ഉപകാരപ്രദവും ആയിത്തീരുക. കാരണം ആത്മാർത്ഥതയും ഹൃദയ സാന്നിധ്യവും റുഖിയയുടെ ഫലപ്രാപ്തിയെ സ്വാധീനിക്കുന്ന ഘടകങ്ങളാണ്.

صحيح الدعاء والثناء على الله تعالى



# പ്രഭാതത്തിലെയും പ്രദോഷത്തിലെയും ദിക്റുകൾ

അടുത്തത്

ഒന്നാം പേജിലേക് മടങ്ങുക

1

«لَا إِلَهَ إِلَّا اللهُ وَحْدَهُ لَا شَرِيكَ لَهُ، لَهُ الْمُلْكُ وَلَهُ الْحَمْدُ، وَهُوَ عَلَى كُلِّ شَيْءٍ قَدِيرٌ»

" അല്ലാഹുവല്ലാതെ ആരാധ്യനില്ല. അവൻ ഏകനാണ്. അവന് പങ്കുകാരില്ല. രാജാധിപത്യം അവനാണ്. എല്ലാ സ്തുതിയും അവനാണ്. അവൻ എല്ലാകാര്യത്തിനും കഴിവുള്ളവനാണ്. "

10 പ്രാവശ്യം ചൊല്ലുക

## 2

«أَصْبَحْنَا وَأَصْبَحَ الْمُلْكُ لِلّٰهِ، وَالْحَمْدُ لِلّٰهِ، لاَ إِلَهَ إِلَّا اللّٰهُ وَحْدَهُ لاَ شَرِيكَ لَهُ، اللَّهُمَّ إِنِّي أَسْأَلُكَ خَيْرِ مَا فِي هَذَا الْيَوم، وَخَيْر مَا بعدِه، وَأَعُوذُ بِك مِنْ شَرِّ مَا فِي هَذا اليَوم، وَشَر مَا بَعْدِه، اللَّهُمَّ إِنِّي أَعُوذُ بِكَ مِنَ الْكَسَلِ، وَالْهَرَمِ، وَسُوءِ الْكِبَرِ، وَفِتْنَةِ الدُّنْيَا، وَعَذَابِ الْقَبْرِ»

"ഞങ്ങൾ പ്രഭാതത്തിലേക്ക് പ്രവേശിച്ചിരിക്കുന്നു. പ്രഭാതത്തിന്റെ ആധിപത്യം അല്ലാഹുവിനാകുന്നു. സർവ്വ സ്തുതിയും അല്ലാഹുവിനാകുന്നു. അവനല്ലാതെ ആരാധ്യനില്ല. അവൻ ഏകനും പങ്കുകാരില്ലാത്തവനുമാണ്. രാജാധികാരവും സർവ്വ സ്തുതിയും

അവനാണ്. അവൻ എല്ലാ കാര്യത്തിനും കഴിവുള്ളവനാണ്. നാഥാ ഈ പകലിലേയും അതിനു ശേഷമുള്ളതിലെയും നൻമകളെ നിന്നോട് ഞാൻ ചോദിക്കുന്നു. ഈ പകലിലേയും അതിനു ശേഷമുള്ളതിലെയും തിൻമകളിൽ നിന്ന് ഞാൻ നിന്നിലഭയം തേടുന്നു. നാഥാ, അലസതയിൽ നിന്നും വാർദ്ധക്യത്തിന്റെ വിഷമത്തിൽ നിന്നും അഹങ്കാരത്തിന്റെ കെടുതിയിൽ നിന്നും നിന്നോട് ഞാൻ അഭയം തേടുന്നു. നാഥാ, നരകത്തിലേയും ഖബ്റിലേയും ശിക്ഷകളിൽ നിന്നും ഞാൻ നിന്നിലഭയം തേടുന്നു."

പ്രഭാതത്തിൽ ഇത് ചൊല്ലുക

«أَمْسَيْنَا وَأَمْسَى الْمُلْكُ لِلّهِ، وَالْحَمْدُ لِلّهِ، لاَ إِلَهَ إِلَّا اللّهُ وَحْدَهُ لاَ شَرِيكَ لَهُ، اللَّهُمَّ إِنِّي أَسْأَلُكَ خَيْرِ مَا فِي هَذَه اللَّيْلَةِ، وَخَيْر مَا بعدِها، وَأَعُوذُ بِك مِنْ شَرِّ مَا فِي هَذه اللَّيْلَةِ، وَشَر مَا بَعْدِها، اللَّهُمَّ إِنِّي أَعُوذُ بِكَ مِنَ الْكَسَلِ، وَالْهَرَمِ، وَسُوءِ الْكِبَرِ، وَفِتْنَةِ الدُّنْيَا، وَعَذَابِ الْقَبْرِ»

"ഞങ്ങൾ പ്രദോഷത്തിലേക്ക് പ്രവേശിച്ചിരിക്കുന്നു. പ്രദോഷത്തിന്റെ ആധിപത്യം അല്ലാഹുവിനാകുന്നു. സർവ്വ സ്തുതിയും അല്ലാഹുവിനാകുന്നു. അവനല്ലാതെ ആരാധ്യനില്ല. അവൻ ഏകനും പങ്കുകാരില്ലാത്തവനുമാണ്. രാജാധികാരവും സർവ്വ സ്തുതിയും

അവനാണ്. അവൻ എല്ലാ കാര്യത്തിനും കഴിവുള്ളവനാണ്. നാഥാ ഈ രാത്രിയിലേയും അതിനു ശേഷമുള്ളതിലെയും നൻമകളെ നിന്നോട് ഞാൻ ചോദിക്കുന്നു. ഈ രാത്രിയിലേയും അതിനു ശേഷമുള്ളതിലെയും തിൻമകളിൽ നിന്ന് ഞാൻ നിന്നിലഭയം തേടുന്നു. നാഥാ, അലസതയിൽ നിന്നും വാർദ്ധക്യത്തിന്റെ വിഷമത്തിൽ നിന്നും അഹങ്കാരത്തിന്റെ കെടുതിയിൽ നിന്നും നിന്നോട് ഞാൻ അഭയം തേടുന്നു. നാഥാ, നരകത്തിലേയും ഖബ്റിലേയും ശിക്ഷകളിൽ നിന്നും ഞാൻ നിന്നിലഭയം തേടുന്നു."

## പ്രദോഷത്തിൽ ഇത് ചൊല്ലുക

3

«اللَّهُمَّ أَنْتَ رَبِّي لَا إِلَهَ إِلَّا أَنْتَ خَلَقْتَنِي، وَأَنَا عَبْدُكَ، وَأَنَا عَلَى عَهْدِكَ وَوَعْدِكَ مَا اسْتَطَعْتُ، أَعُوذُ بِكَ مِنْ شَرِّ مَا صَنَعْتُ، أَبُوءُ لَكَ بِنِعْمَتِكَ عَلَيَّ، وَأَبُوءُ لَكَ بِذَنْبِي فَاغْفِرْ لِي فَإِنَّهُ لَا يَغْفِرُ الذُّنُوبَ إِلَّا أَنْتَ»

"അല്ലാഹുവേ, നീയാണ് എന്റെ നാഥൻ. നീ അല്ലാതെ ആരാധ്യനില്ല. നീ എന്നെ സൃഷ്ടിച്ചു. നിന്റെ ദാസനാണ് ഞാൻ. എനിക്ക് സാധ്യമാവുന്നിടത്തോളം നി ന്നോടുള്ള കരാറും ഉടമ്പടിയും പാലിക്കുന്നതാണ്. നീ എനിക്ക്

ചെയ്തുതന്ന അനുഗ്രഹങ്ങളും ഞാൻ ചെയ്ത പാപങ്ങളും ഞാൻ നിന്നോട് സമ്മതിക്കുന്നു. അതിനാൽ എനിക്ക് നീ പൊറുത്ത് തരണേ! നിശ്ചയം നീ അല്ലാതെ പാപങ്ങൾ പൊറുക്കുന്നവനില്ല"

4

«اللَّهُمَّ بِكَ أَصْبَحْنَا، وَبِكَ أَمْسَيْنَا، وَبِكَ نَحْيَا، وَبِكَ نَمُوتُ، وَإِلَيْكَ الْمَصِيرُ»

«اللَّهُمَّ بِكَ أَمْسَيْنَا وَبِكَ أَصْبَحْنَا وَبِكَ نَحْيَا وَبِكَ نَمُوتُ وَإِلَيْكَ النُّشُورُ»

"അല്ലാഹുവേ, നിന്റെ (സഹായം) കൊണ്ട് ഞങ്ങൾ പ്രഭാതത്തിലായിരിക്കുന്നു. നിന്റെ (സഹായം) കൊണ്ട് ഞങ്ങൾ വൈകുന്നേരത്തിലുമായിരിക്കുന്നു. ഞ ങ്ങൾ ജീവിക്കുന്നതും മരിക്കുന്നതും നിന്നെക്കൊ ണ്ടാണ്. നിന്നിലേക്കാണ് മടക്കവും"

പ്രദോഷത്തിൽ ഇത് ചൊല്ലുക "അല്ലാഹുവേ, നിന്റെ (സഹായം) കൊണ്ട് ഞങ്ങൾ പ്രദോഷത്തിലായിരിക്കുന്നു. നിന്റെ (സഹായം) കൊണ്ട് ഞങ്ങൾ പ്രഭാതത്തിലുമായിരിക്കുന്നു. ഞങ്ങൾ ജീവിക്കുന്നതും മരിക്കുന്നതും നിന്നെക്കൊണ്ടാണ്. നിന്നിലേക്കാണ് ഉയർത്തെഴുന്നേൽപ്പും"

5

«اللَّهُمَّ فَاطِرَ السَّمَوَاتِ وَالْأَرْضِ، عَالِمَ الْغَيْبِ وَالشَّهَادَةِ، لَا إِلَهَ إِلَّا أَنْتَ رَبَّ كُلِّ شَيْءٍ وَمَلِيكَهُ، أَعُوذُ بِكَ مِنْ شَرِّ نَفْسِي وَمِنْ شَرِّ الشَّيْطَانِ وَشِرْكِهِ، وَأَنْ أَقْتَرِفَ عَلَى نَفْسِي سُوءًا، أَوْ أَجُرَّهُ إِلَى مُسْلِمٍ»

" ഭൂമിയും ആകാശങ്ങളും സൃഷ്ടിച്ചവനും ദൃശ്യവും അദൃശ്യവും അറിയുന്നവനും സർവ്വ വസ്തുക്കളുടെയും നാഥനും ഉടമയുമായ അല്ലാഹുവേ, നിശ്ചയം നീ അല്ലാതെ ആരാധ്യനില്ല, സ്വശരീരത്തിന്റെ തിൻമയിൽ നിന്നും പിശാചിന്റെയും

അവന്റെ കൂട്ടുകാരുടെയും തിൻമയിൽ നിന്നും സ്വശരീരത്തോടോ മറ്റൊരു മുസ്ലിമിനോടോ തിൻമ ചെയ്യുന്നതിൽ നിന്നും നിന്നോട് ഞാൻ അഭയം ചോദിക്കുന്നു. "

6

«بِسْمِ اللهِ الَّذِي لَا يَضُرُّ مَعَ اسْمِهِ شَيْءٌ فِي الْأَرْضِ وَلَا فِي السَّمَاءِ وَهُوَ السَّمِيعُ الْعَلِيمُ»

" അല്ലാഹുവിന്റെ നാമത്തിൽ (ഞാൻ പ്രാർത്ഥിക്കുന്നു) ആ നാമത്തോടൊപ്പം ഭൂമിയിലോ ആകാശത്തിലോ ഉള്ള ഒരു വസ്തുവും ഉപദ്രവിക്കുകയില്ല. അവൻ എല്ലാം കേൾക്കുന്നവനും അറിയുന്നവനുമാണ്. "

3 പ്രാവശ്യം

7

«رَضِيتُ بِاللهِ رَبًّا، وَبِالْإِسْلَامِ دِينًا، وَبِمُحَمَّدٍ صَلَّى اللهُ عَلَيْهِ وَسَلَّمَ نَبِيًّا»

"അല്ലാഹുവിനെ രക്ഷകനായും ഇസ്ലാമിനെ മതമായും മുഹമ്മദ്(സ) യെ നബിയായും ഞാൻ തൃപ്തിപ്പെട്ടിരിക്കുന്നു"

## 8

«اللَّهُمَّ إِنِّي أَسْأَلُكَ الْعَافِيَةَ فِي الدُّنْيَا وَالْآخِرَةِ، اللَّهُمَّ إِنِّي أَسْأَلُكَ الْعَفْوَ وَالْعَافِيَةَ فِي دِينِي وَدُنْيَايَ، وَأَهْلِي وَمَالِي، اللَّهُمَّ اسْتُرْ عَوْرَاتِي، وَآمِنْ رَوْعَاتِي، اللَّهُمَّ احْفَظْنِي مِنْ بَيْنِ يَدَيَّ وَمِنْ خَلْفِي، وَعَنْ يَمِينِي وَعَنْ شِمَالِي، وَمِنْ فَوْقِي، وَأَعُوذُ بِعَظَمَتِكَ أَنْ أُغْتَالَ مِنْ تَحْتِي»

"അല്ലാഹുവേ, മാപ്പും ഇഹത്തിലും പരത്തിലും സൗഖ്യവും നിന്നോട് ഞാൻ ചോദിക്കുന്നു. അല്ലാഹുവേ എന്റെ മത കാര്യത്തിലും ഐഹിക

ജീവിതത്തിലും കുടുംബത്തിലും ധനത്തിലും സൗഖ്യവും മാപ്പും നിന്നോട് ഞാൻ ചോദിക്കുന്നു. അല്ലാഹുവേ, എന്റെ രഹസ്യങ്ങൾ നീ മറച്ചുവെക്കുകയും ഭീതികളിൽ നിന്ന് എനിക്ക് മോചനം നൽകുകയും ചെയ്യേണമേ! അല്ലാഹുവേ, എന്റെ മുന്നിലൂടെയും പിന്നിലൂടെയും വലതു ഭാഗത്തിലൂടെയും ഇടതു ഭാഗത്തിലൂടെയും മുകളിലൂടെയും എന്നെ പരിരക്ഷിക്കേണമേ! താഴ്ഭാഗത്തിലൂടെ ഞാൻ വഞ്ചിക്കപ്പെടുന്നതിൽ നിന്ന് നിന്റെ മഹത്വം കൊണ്ട് ഞാൻ അഭയം തേടുന്നു. "

## 9

«أَعُوذُ بِكَلِمَاتِ اللهِ التَّامَّاتِ مِنْ شَرِّ مَا خَلَقَ»

"അല്ലാഹുവിന്റെ സമ്പൂർണ്ണമായ വചനങ്ങൾ കൊണ്ട് അവൻ സൃഷ്ടിച്ചവയുടെ തിൻമയിൽ നിന്ന് ഞാൻ അഭയം തേടുന്നു."

10

«أَصْبَحْنَا عَلَى فِطْرَةِ الْإِسْلَامِ، وَكَلِمَةِ الْإِخْلَاصِ، وَدِينِ نَبِيِّنَا مُحَمَّدٍ -صَلَّى اللّٰهُ عَلَيْهِ وَسَلَّمَ- وَمِلَّةِ أَبِينَا إِبْرَاهِيمَ حَنِيفًا، وَمَا كَانَ مِنْ الْمُشْرِكِينَ»

"ഇസ്ലാമിന്റെ പ്രകൃതിയിലും നിഷ്കളങ്ക വചനത്തിലും നമ്മുടെ പ്രവാചകന്റെ മതത്തിലും നമ്മുടെ പിതാവായ ഇബ്റാഹീം നബിയുടെ ചര്യയിലുമായി ഞങ്ങൾ പ്രഭാതത്തിലായിരിക്കുന്നു. അദ്ദേഹം ഋജുമനസ്കനും കീഴ്പ്പെട്ടവനുമാണ്. ബഹുദൈവാരാധകരിൽ പെട്ടവനുമല്ല."

പ്രഭാതത്തിൽ ഇത് ചൊല്ലുക

«أَمْسَيْنَا عَلَى فِطْرَةِ الإِسْلاَمِ، وَكَلِمَةِ الْإِخْلَاصِ، وَدِينِ نَبِيِّنَا مُحَمَّدٍ -صَلَّى اللَّهُ عَلَيْهِ وَسَلَّمَ- وَمِلَّةِ أَبِينَا إِبْرَاهِيمَ حَنِيفًا، وَمَا كَانَ مِنْ الْمُشْرِكِينَ»

"ഇസ്ലാമിന്റെ പ്രകൃതിയിലും നിഷ്കളങ്ക വചനത്തിലും നമ്മുടെ പ്രവാചകന്റെ മതത്തിലും നമ്മുടെ പിതാവായ ഇബ്റാഹീം നബിയുടെ ചര്യയിലുമായി ഞങ്ങൾ പ്രദോഷത്തിലായിരിക്കുന്നു. അദ്ദേഹം ഋജുമനസ്കനും കീഴ്പ്പെട്ടവനുമാണ്. ബഹുദൈവാരാധകരിൽ പെട്ടവനുമല്ല."

പ്രദോഷത്തിൽ ഇത് ചൊല്ലുക

11

«يَا حَيُّ يَا قَيُّومُ بِرَحْمَتِكَ أَسْتَغِيثُ أَصْلِحْ لِي شَأْنِي كُلَّهُ، وَلَا تَكِلْنِي إِلَى نَفْسِي طَرْفَةَ عَيْنٍ»

"എന്നെന്നും ജീവിച്ചിരിക്കുന്നവനും എല്ലാം നിയന്ത്രിക്കുന്നവനുമായവനേ, നിന്റെ കാരുണ്യം കൊണ്ട് എന്നെ സഹായിക്കേണമേ! എന്റെ എല്ലാ കാര്യങ്ങളും നന്നാക്കിത്തീർക്കുകയും ചെയ്യേണമേ! ഇമ വെട്ടുന്ന സമയത്തേക്ക് പോലും എന്നെ സ്വന്തത്തിലേക്ക് തന്നെ ഏൽപിക്കരുതേ"

12

«حَسْبِيَ اللهُ لاَ إِلهَ إِلَّا هُوَ عَلَيْهِ تَوَكَّلْتُ وَهُوَ رَبُّ الْعَرْشِ الْعَظِيمِ»

"എനിക്ക് അല്ലാഹു മതി. അവനല്ലാതെ ആരാധ്യനില്ല. അവനിൽ ഞാൻ ഭരമേൽപിക്കുന്നു. അവൻ മഹത്തായ സിംഹാസനത്തിന്റെ നാഥനാണ്. "

7 പ്രാവശ്യം



പിന്നോട്ട്
ഒന്നാം പേജിലേക് മടങ്ങുക

# ഹദീസ് അവലംബം

## ഹദീസ് അവലംബം ഒന്ന് : അല്ലാഹുവിനുള്ള പ്രകീർത്തനങ്ങൾ

1 മുസ്‌ലിം (600)

2 മുസ്‌ലിം (477)

3 ബൈഹഖി (4087) സ്വഹീഹു തർഗീബിൽ ശൈഖ് അൽബാനി സ്വഹീഹ് ആക്കിയിട്ടുണ്ട് (1576)

4 ബുഖാരി (1120) (7442), മുസ്‌ലിം (769)

5 മുസ്‌ലിം (2713)

6 ഹാകിം - അൽ മുസ്തദ്റക് (1920), അൽബാനി - സിൽസിലത്തു സ്വഹീഹ (267)

7 അബൂ ദാവൂദ് (1493), തുർമുദി (3475),

ശൈഖ് അൽബാനി സ്വഹീഹ് ആക്കിയിട്ടുണ്ട് - മിശ്കാത്തുൽ മസാബീഹ് (2/708)

8 ബുഖാരി (6345), മുസ്‌ലിം (2730)

9 അബൂ ദാവൂദ് (1525), ഇബ്നു മാജ (3382), ശൈഖ് അൽബാനി സ്വഹീഹ് ആക്കിയിട്ടുണ്ട് - സ്വഹീഹുത്തർഗീബു വത്തർഹീബ് (1824)

10 മുസ്‌ലിം (2696)

11 ഇബ്നു മാജ (3878), ശൈഖ് അൽബാനി സ്വഹീഹ് ആക്കിയിട്ടുണ്ട്

12 മുസ്‌ലിം (1218)

13 ബുഖാരി (6306)

14 അബൂ ദാവൂദ് (1495), തുർമുദി (3544), ശൈഖ് അൽബാനി സ്വഹീഹ് ആക്കിയിട്ടുണ്ട് - മിശ്കാത്തുൽ മസാബീഹ് (2/708)

15 ത്വബ്റാനി - അൽ ഔസത്വ് (7324), തർഗീബിൽ ശൈഖ് അൽബാനി സ്വഹീഹ് ആക്കിയിട്ടുണ്ട് (1839)

16 അഹ്മദ് (24/6), അബൂ ദാവൂദ് (1495), ശൈഖ് അൽബാനി സ്വഹീഹ് ആക്കിയിട്ടുണ്ട് - മിശ്കാത്തുൽ മസാബീഹ് (1/192)

17 അബൂ ദാവൂദ് (874), നസാഈ (1069), ശൈഖ് അൽബാനി സ്വഹീഹ് ആക്കിയിട്ടുണ്ട് - സുനന നസാഈ (3/189)

18 മുസ്ലിം (601)

## ഹദീസ് അവലംബം രണ്ട് : നമസ്കാരത്തിലെ പ്രാർത്ഥനകൾ

1 ബുഖാരി (744), മുസ്ലിം (598)

2 മുസ്ലിം (770)

3 മുസ്ലിം (771)

4 ബുഖാരി (794), മുസ്‌ലിം (484)

5 മുസ്‌ലിം (486)

6 മുസ്‌ലിം (483)

7 ബുഖാരി (6316), മുസ്‌ലിം (763)

8 ബുഖാരി (1377), മുസ്‌ലിം (588)

9 അബൂ ദാവൂദ് (874), നസാഇൗ (1069), ശൈഖ് അൽബാനി സ്വഹീഹ് ആക്കിയിട്ടുണ്ട് - മിശ്കാത്തുൽ മസാബീഹ് (1/299)

10 മുസ്‌ലിം (771)

11 ബുഖാരി (798), മുസ്‌ലിം (589)

12 അബൂ ദാവൂദ് (792), ഇബ്നു മാജ (910), ശൈഖ് അൽബാനി സ്വഹീഹ് ആക്കിയിട്ടുണ്ട് - ജാമിഉ സഗീർ (1/604)

13 ബുഖാരി (2822) (6390),

14 ബുഖാരി (834), മുസ്‌ലിം (2705)

15 ഹാകിം - അൽ മുസ്തദ്റക് (190), അദ്ദേഹം സ്വഹീഹ് ആണെന്ന് പറഞ്ഞിട്ടുണ്ട്.

16 മുസ്‌ലിം (709)

## ഹദീസ് അവലംബം മൂന്ന് : നബി(സ) യുടെ പ്രാർത്ഥനകൾ

1 ബുഖാരി (6389), മുസ്‌ലിം (2690)

2 മുസ്‌ലിം (2697)

3 തുർമുദി (2563), ശൈഖ് അൽബാനി അതിന്റെ പരമ്പര നല്ലതാണെന്ന് പറഞ്ഞിട്ടുണ്ട് - അസ്സ്വഹീഹ (1/532)

4 മുസ്‌ലിം (2654), എന്നാൽ (يَا مُقَلِّبَ الْقُلُوبِ ثَبِّتْ قَلْبِي عَلَى دِينِكَ) "യാ മുഖല്ലിബൽ ഖുലൂബ് " എന്ന് തുടങ്ങുന്ന വാചകം തുർമുദി ആണ് റിപ്പോർട്ട് ചെയ്തത് (3522), ആ ഹദീസ് ഹസൻ ആണെന്ന് അദ്ദേഹം

അഭിപ്രായപ്പെട്ടിട്ടുണ്ട്.

5 അഹ്മദ് (6/134), ഇബ്നു മാജ (2/1264), ശൈഖ് അൽബാനി സ്വഹീഹ് ആക്കിയിട്ടുണ്ട് - ജാമിഉ സഗീർ (1/274)

6 തുർമുദി (3524), നസാഇൗ - സുനനുൽ കുബ്റാ (9/212), ശൈഖ് അൽബാനി അതിന്റെ പരമ്പര നല്ലതാണെന്ന് പറഞ്ഞിട്ടുണ്ട് - സ്വഹീഹുൽ ജാമിഅ് (5820 -1913)

7 അഹ്മദ് (4318), ശൈഖുൽ ഇസ്‌ലാം ഇബ്നു തീമിയ യും അദ്ദേഹത്തിന്റെ ശിഷ്യൻ ഇബ്നുൽ ഖയ്യിമും ഇത് സ്വഹീഹ് ആക്കിയിട്ടുണ്ട്- ഷിഫാഉൽ അലീൽ (274)

8 ഇബ്നു ഹിബ്ബാൻ (974), അദ്ദേഹം "കാര്യങ്ങളിൽ പ്രയാസം നേരിടുമ്പോൾ ഒരു വ്യക്തിക്ക് തന്റെ

സ്രഷ്ടാവിനോട് അത് എളുപ്പമാക്കാൻ തേടേണ്ട ദിക്ർ" എന്ന് ഒരു അധ്യായം തന്നെ കൊടുത്തിട്ടുണ്ട്. ശൈഖ് അൽബാനി സ്വഹീഹ് ആക്കിയിട്ടുണ്ട്- അസ്സ്വഹീഹ (2886)

9 മുസ്‌ലിം (2721), ശൈഖ് സഅദീ (റ) ഈ പ്രാർത്ഥനയെ കുറിച്ച് പറഞ്ഞത്: "ദീനിലെയും ദുൻയാവിലെയും നന്മകളൊക്കെ ഉൾകൊള്ളുന്ന സമ്പൂർണവും ഉപകാരപ്രദവുമായ പ്രാർത്ഥനയാണ് ഇത്" എന്നാണ് - ബഹ്ജതി ഖുലൂബിൽ അബ്റാർ വ ഖുർറതു ഉയൂനിൽ അഖ്‌യാർ - പേജ് (205)

10 മുസ്‌ലിം (2725)

11 മുസ്‌ലിം (2720)

12 തുർമുദി (3513) ഈ ഹദീസിന്റെ പരമ്പര നല്ലതും സ്വഹീഹുമാണെന്ന് അദ്ദേഹം പറഞ്ഞു

13 തുർമുദി (3502) നസാഈ - സുനനുൽ കുബ്റാ (10161), ശൈഖ് അൽബാനി അതിന്റെ പരമ്പര നല്ലതാണെന്ന് പറഞ്ഞിട്ടുണ്ട് - സ്വഹീഹുൽ ജാമിഅ് (1268)

14 തുർമുദി, ഈ ഹദീസിന്റെ പരമ്പര നല്ലതും സ്വഹീഹുമാണെന്ന് അദ്ദേഹം പറഞ്ഞു

15 അഹ്മദ് (22109), തുർമുദി (3235), ഈ ഹദീസിന്റെ പരമ്പര നല്ലതും സ്വഹീഹുമാണെന്ന് അദ്ദേഹം പറഞ്ഞു

16 ത്വബ്റാനി - അൽ കബീർ (7135), ശൈഖ് അൽബാനി അതിന്റെ പരമ്പര നല്ലതാണെന്ന് പറഞ്ഞിട്ടുണ്ട് - അസ്സ്വഹീഹ

17 അഹ്മദ് (1718), അബൂ ദാവൂദ് (1425), ശൈഖ് അൽബാനി സ്വഹീഹ്

ആക്കിയിട്ടുണ്ട് - മിശ്കാത്തുൽ മസാബീഹ് (1273)

18 അഹ്മദ് (18325), നസാഈ (1305), ശൈഖ് അൽബാനി സ്വഹീഹ് ആക്കിയിട്ടുണ്ട് - സ്വഹീഹുൽ ജാമിഅ് (1301)

19 അബൂ ദാവൂദ് (5074), ബുഖാരി - അദബുൽ മുഫ്റദ് (1200), ശൈഖ് അൽബാനി സ്വഹീഹ് ആക്കിയിട്ടുണ്ട് - സ്വഹീഹ അദബുൽ മുഫ്റദ് (912)

## ഹദീസ് അവലംബം നാല് : നബി(സ)യുടെ ശരണ തേട്ട പ്രാർത്ഥനകൾ

1 മുസ്‌ലിം (2716), സുനന നസാഈ (5524)

2 ബുഖാരി - അദബുൽ മുഫ്റദ് (716), ശൈഖ് അൽബാനി സ്വഹീഹ് ആക്കിയിട്ടുണ്ട് - സ്വഹീഹ ജാമിഉ സഗീർ (1/694)

3 മുസ്‌ലിം (2739)

4 തുർമുദി (3591), ത്വബ്റാനി - അൽ കബീർ (36), ശൈഖ് അൽബാനി സ്വഹീഹ് ആക്കിയിട്ടുണ്ട് - സ്വഹീഹുൽ ജാമിഅ് (1/278)

5 ബുഖാരി (6616), മുസ്‌ലിം (2707)

6 മുസ്‌ലിം (2722)

7 ബുഖാരി (2893), കുറച്ച് ഭാഗം മുസ്‌ലിം ഉദ്ധരിച്ചിട്ടുണ്ട് (2706)

8 അബൂ ദാവൂദ് (1551), തുർമുദി (3492), ശൈഖ് അൽബാനി സ്വഹീഹ് ആക്കിയിട്ടുണ്ട് - സ്വഹീഹുൽ ജാമിഅ് (2/811)

9 ബുഖാരി (6376), മുസ്‌ലിം (589)

10 മുസ്‌ലിം (2717)

11 അബൂ ദാവൂദ് (1554), നസാഈ (5493), ശൈഖ് അൽബാനി

സ്വഹീഹ് ആക്കിയിട്ടുണ്ട് - സ്വഹീഹുൽ ജാമിഅ് (1/275)

12 ത്വബ്റാനി - അൽ കബീർ (810), ശൈഖ് അൽബാനി ഹസൻ ആക്കിയിട്ടുണ്ട് - സ്വഹീഹുൽ ജാമിഅ് (1299)

13 അഹ്മദ് (2667), മുസ്‌ലിം (2867)

## ഹദീസ് അവലംബം അഞ്ച് : രോഗശമന മന്ത്രങ്ങൾ

1 ബുഖാരി (5749), മുസ്‌ലിം (2201), തുർമുദി (3591) - അവിടുന്ന് ഏഴ് പ്രാവശ്യം ഫാതിഹ ഓതിക്കൊണ്ട് റുഖിയ ചെയ്തു

2 ഖുർആനിലെ ഏറ്റവും ശ്രേഷ്ഠമായ ആയത്താണത് - മുസ്‌ലിം (810), പിശാചിൽ നിന്നുള്ള സംരക്ഷണമാണത് - ബുഖാരി (2311).

3 ബുഖാരി (5735) (5748), മുസ്‌ലിം (2192)

4 ബുഖാരി (5742), (5743)

5 ബുഖാരി (5745, 5746), മുസ്‌ലിം (2201), ഇമാം നവവിയുടെ ശറഹ് മുസ്‌ലിം നോക്കുക (14/184).

6 മുസ്‌ലിം (2202)

7 ബുഖാരി (3371)

8 മുസ്‌ലിം (2709)

9 അബൂ ദാവൂദ് (5088), ഇബ്‌നു മാജ (3869), ശൈഖ് അൽബാനി സ്വഹീഹ് ആക്കിയിട്ടുണ്ട് - മിശ്കാത്തുൽ മസാബീഹ് (2391)

10 മുസ്‌ലിം (2186)

11 അബൂ ദാവൂദ് (3106), തുർമുദി (2083), ശൈഖ് അൽബാനി സ്വഹീഹ് ആക്കിയിട്ടുണ്ട് - തർഗീബ് (3480)

## ഹദീസ് അവലംബം ആറ്: പ്രഭാതത്തിലെയും പ്രദോഷത്തിലെയും ദിക്റുകൾ

1 അഹ്മദ് (8719), ശൈഖ് ഇബ്നു ബാസ് ഈ ഹദീസിന്റെ പരമ്പര ഹസൻ ആണെന്ന് പറഞ്ഞിട്ടുണ്ട് - തുഹ്ഫത്തുൽ അഖ്യാർ

2 മുസ്ലിം (2723)

3 ബുഖാരി (3606)

4 അബൂ ദാവൂദ് (5068), തുർമുദി (3391), ശൈഖ് ഇബ്നു ബാസ് സ്വഹീഹ് ആക്കിയിട്ടുണ്ട്

5 അഹ്മദ് (6597), അബൂ ദാവൂദ് (5076), തുർമുദി (3529), ബുഖാരി - അദബുൽ മുഫ്റദ്, ശൈഖ് ഇബ്നു ബാസ് ഹസൻ ആണെന്ന് പറഞ്ഞിട്ടുണ്ട്

6 അഹ്മദ് (446), തുർമുദി (10179),

അദ്ദേഹം പറഞ്ഞു: "ഇത് ഹസനും സ്വഹീഹുമാണ്"

7 അഹ്മദ് (18967), തുർമുദി (3389), ശൈഖ് ഇബ്നു ബാസ് ഈ ഹദീസിന്റെ പരമ്പര ഹസൻ ആണെന്ന് പറഞ്ഞിട്ടുണ്ട്.

8 അഹ്മദ് (4785), അബൂ ദാവൂദ് (5074), ഹാകിം സ്വഹീഹ് ആക്കിയിട്ടുണ്ട്

9 അഹ്മദ് (7898), തുർമുദി (3437), ശൈഖ് ഇബ്നു ബാസ് ഈ ഹദീസിന്റെ പരമ്പര ഹസൻ ആണെന്ന് പറഞ്ഞിട്ടുണ്ട്.

10 അഹ്മദ് (21114,15367), ശൈഖ് ഇബ്നു ബാസ് ഈ ഹദീസിന്റെ പരമ്പര സ്വഹീഹ് ആണെന്ന് പറഞ്ഞിട്ടുണ്ട്.

11 നസാഈ (10405), ബസ്സാർ (2/282),

ശൈഖ് അൽബാനി ഹസൻ ആക്കിയിട്ടുണ്ട് - സിൽസിലത്തു സ്വഹീഹ (1/449)

12 അബൂ ദാവൂദ് (5081), ഭൂരിപക്ഷം പണ്ഡിതന്മാരും ഇത് മൗഖൂഫ് ആണെന്ന് അഭിപ്രായപ്പെട്ടിരിക്കുന്നു, അതിന് ശൈഖ് അൽബാനി പ്രസ്താവിച്ചത് പോലെ മർഫൂഇന്റെ വിധിയും ഉണ്ട് . (സിൽസിലത്തു സ്വഹീഹ 11/449 നോക്കുക)

'അൽ ഇഖ്തിദാഅ്' ധർമ പഠന സ്ഥാപനം

പ്രവാചകൻ (സ) യുടെ ചര്യകളും ദൈനം ദിന ദിക്റുകളും പ്രചരിപ്പിക്കാൻ ഞങ്ങൾ പ്രത്യേകം ശ്രദ്ധ ചെലുത്തുന്നു

നിങ്ങൾ ബന്ധപ്പെടുന്നതിൽ ഞങ്ങൾ സന്തുഷ്ടരാണ്:

0 0 9 6 6 5 0 3 7 6 6 2 2 2

doa.eqtidaa.com

@eqtidaa1

Download on the App Store

ANDROID APP ON Google play